# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറോപ്പട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13-2062/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/01/2026
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരോപ്പട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13-2062/2025 തീയ്യതി: 22/01/2026

## കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2025 | 22-12-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2025 | 22-12-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ രാജേഷ് എം., ഓഡിറ്റ് ഓഫീസർ
ശ്രീമതി കൊച്ചുമോൾ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
സിനിമോൾ ഏബ്രഹാം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീലാ ചെറിയാൻ | പ്രസിഡന്റ് | 01-04-2024 | 26-06-2024 |
| ശ്രീ നാരായണൻ നായർ | പ്രസിഡന്റ് | 27-06-2024 | 14-07-2024 |
| ശ്രീമതി അമ്പിളി നായർ | പ്രസിഡന്റ് | 15-07-2024 | 31-03-2025 |
| ശ്രീ സജി പി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി എസ് സുനിമോൾ | സെക്രട്ടറി | 29-04-2024 | 16-05-2024 |
| ശ്രീ സജി പി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-05-2024 | 19-06-2024 |
| ശ്രീമതി എസ് സുനിമോൾ | സെക്രട്ടറി | 20-06-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , കോത്തല | 01-04-2024 | 31-03-2025 |
| ശ്രീ അലക്സ് ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,ളാക്കാട്ടൂർ | 01-04-2024 | 31-03-2025 |
| ശ്രീമതി ധന്യ കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി സുജിത പി എസ് | കൃഷി ഓഫീസർ | 01-04-2024 | 23-12-2024 |
| ശ്രീമതി രേവതി ചന്ദ്രൻ | കൃഷി ഓഫീസർ | 24-12-2024 | 09-01-2025 |
| അമല മേരി ജോർജ് | കൃഷി ഓഫീസർ | 10-01-2025 | 31-03-2025 |
| ഡോ.ബിന്ദു എസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീ അഖിൽ ദേവ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി അഞ്ജു തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 07-04-2024 |
| ശ്രീമതി ഷഹനാ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 08-04-2024 | 31-03-2025 |
| ഡോ. ജോബി ജെ | മെഡിക്കൽ ഓഫീസർ ,ഹോമിയോ (അഡി.ചാർജ്) | 01-04-2024 | 03-04-2024 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-04-2024 | 07-04-2024 |
| ഡോ. ജോബി ജെ | മെഡിക്കൽ ഓഫീസർ ,ഹോമിയോ (അഡി.ചാർജ്) | 08-04-2024 | 03-06-2024 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-06-2024 | 05-06-2024 |
| ഡോ. ജോബി ജെ | മെഡിക്കൽ ഓഫീസർ ,ഹോമിയോ (അഡി.ചാർജ്) | 06-06-2024 | 25-06-2024 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 26-06-2024 | 25-10-2024 |
| ഡോ. സ്മിത പീതാംബരൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 26-10-2024 | 31-10-2024 |

| | | | |
|---|---|---|---|
| | (അഡി.ചാർജ്) | | |
| ഡോ. ജയമോൾ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-11-2024 | 31-03-2025 |
| ശ്രീമതി സുജ ജോൺ | വെറ്ററിനറി സർജൻ (അഡി.ചാർജ്) | 01-04-2024 | 11-05-2024 |
| ശ്രീമതി ലിൻഡാ ജോർജ് | വെറ്ററിനറി സർജൻ | 11-05-2024 | 14-05-2024 |
| ശ്രീമതി സുജ ജോൺ | വെറ്ററിനറി സർജൻ (അഡി.ചാർജ്) | 14-05-2024 | 14-07-2024 |
| ശ്രീമതി ലിൻഡാ ജോർജ് | വെറ്ററിനറി സർജൻ | 14-07-2024 | 31-03-2025 |
| ശ്രീമതി സുനിതാകുമാരി റ്റി. ഡി | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി സ്കൂൾ പങ്ങട | 01-04-2024 | 16-07-2024 |
| ശ്രീമതി ശ്രീലത | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി സ്കൂൾ ളാക്കാട്ടൂർ(ചാർജ്) | 17-07-2024 | 14-01-2025 |
| ശ്രീമതി സുനിതാകുമാരി റ്റി. ഡി | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി സ്കൂൾ പങ്ങട | 15-01-2025 | 31-03-2025 |
| ശ്രീ സജി പി.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 23-09-2024 |
| ശ്രീമതി ഹേമ എസ് നായർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 24-09-2024 | 24-09-2024 |
| ശ്രീമതി സിന്ധു സി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 25-09-2024 | 31-03-2025 |
| ഡോ.റ്റീന ചിന്നു തോമസ് | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2024 | 31-03-2025 |

27.06.2024 മുതൽ 14.07.2024 വരെ ശ്രീ. നാരായണൻ നായർ (വൈസ് പ്രസിഡന്റ്) പ്രസിഡന്റിന്റെ ചാർജ് വഹിച്ചിരുന്നു. 24.09.2024ൽ ശ്രീമതി ഹേമ എസ് നായർ (ഹെഡ് ക്ലർക്ക്) അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-5 |
| 7 | Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു | 1-1-6 |
| 8 | വാടക നിക്ഷേപത്തിന്റെ എല്ലാ വിശദാംശങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ടിന്റെ വിനിമയം അക്കൗണ്ട് ചെയ്തില്ല | 1-1-9 |
| 11 | പാർട്ട് ബില്ലുകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-10 |
| 12 | സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വില ബാധ്യതയായി അക്കൗണ്ട് ചെയ്യാതെ വരുമാനമാക്കി മാറ്റി | 1-1-11 |
| 13 | ട്രേഡർമാരുടെ തൊഴിൽ നികുതി/ലൈസൻസ് ഫീസ് കുടിശികയുടെ വിശദാംശമില്ല | 1-1-12 |
| 14 | 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-14 |
| 16 | ബജറ്റ്-വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 21 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ | 1-7 |
| 22 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-11 |
| 26 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത | 1-12 |
| 27 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വിഭജിച്ച് നമ്പർ നൽകിയപ്പോൾ നികുതി നിർണ്ണയത്തിൽ അപാകത | 1-13 |
| 28 | വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ നികുതി വർദ്ധനവ് ബാധകമായില്ല | 1-14 |
| 29 | വസ്തുനികുതി ഡേറ്റാബേസ് - സ്വീകരിക്കേണ്ട തുടർ നടപടികൾ | 1-15 |
| 30 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-16 |
| 31 | പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-17 |
| 32 | ഷോപ്പിംഗ് കോംപ്ലെക്സ് വാടക -അപാകതകൾ | 1-18 |
| 33 | ലൈസൻസ് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-19 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്യുന്നില്ല | 1-20 |
| 35 | പെട്രോൾ പമ്പിന്റെ കെട്ടിട നിർമ്മാണ അനുമതി-പെർമിറ്റ് ഫീസിൽ കുറവ് വന്നത് 5686/- രൂപ | 1-21 |
| 36 | വിവിധ റവന്യൂ മുൻകൂറുകളുടെ വിശദാംശം സൂക്ഷിക്കാത്തതിനാൽ ക്രമീകരണ നടപടിയിൽ അവ്യക്തത | 1-22 |
| 37 | നിർവ്വഹണ ഏജൻസികളിൽ നിൽക്കുന്ന 57 ലക്ഷം രൂപയുടെ വിശദാംശം ലഭ്യമല്ല | 1-23 |
| 38 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി, ആർജ്ജിതാവധി സറണ്ടർ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 1-24 |
| 39 | വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിലെ വീടുകളുടെ വിവരശേഖരണം-ചെലവ് വിവരം ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 40 | ഡിജി കേരളം സർവ്വെ നടത്തിയതിന് പ്രതിഫലം നല്കിയത്-ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-26 |
| 41 | കുഴൽകിണർ നിർമ്മാണവും മോട്ടറും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും-പൂർത്തീകരണം നിരീക്ഷിക്കുന്നില്ല | 1-27 |

| | | |
|---|---|---|
| 42 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ നിക്ഷേപ പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും നിരീക്ഷിക്കുന്നില്ല | 1-28 |
| 43 | വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവ് രേഖപ്പെടുത്തിയതിലും അപാകം- | 1-29 |
| 44 | തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി-കരാറുകാരന് അധിക തുക നല്കി | 1-30 |
| 45 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനെൻസ് തുക വകയിരുത്തൽ-വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-31 |
| 46 | ഭവന പുനരുദ്ധാരണം - മുൻ വർഷം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-32 |
| 47 | ലൈഫ് മിഷൻ പദ്ധതി-അവലോകനം | 1-33 |
| 48 | ദേശീയ തൊഴിലുറപ്പ് പദ്ധതി - ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളുടെ സാധനം വാങ്ങലിൽ അപാകത | 1-34 |
| 49 | ജലജീവൻ മിഷൻ പദ്ധതി-അവലോകനം | 1-35 |
| 50 | ആരോഗ്യ ഗ്രാന്റുകളുടെ വിനിയോഗം | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവ് രേഖപ്പെടുത്തിയതിലും അപാകം-പഞ്ചായത്തിന് ധനനഷ്ടം | 3-1 |
| 2 | തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി-കരാറ് കാരന് അധിക തുക നല്കി | 3-2 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |

| | | |
|---|---|---|
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1.** കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ **2025** മാർച്ച് **31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും **31-03-2025** തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **30-07-2025** തീയതിയിലെ **1/1**-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് **30-07-2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും **1994**-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **215(4)**, **2011**-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, **1994**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, **1996**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം **4.2.1, 11.3** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**2.** സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3.** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ **31-03-2025** ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31-03-2025** ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: **22.01.2026** ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 4005898/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ OBRP വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

### 1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതത്തിന്റെ (Capital Contribution) 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

### 1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-07-2011 ലെ ജി.ഒ (എം.എസ്.)–152/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/ Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-1-4 വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല

2024-25 വാർഷിക പദ്ധതിയിലെ മൂലധന ഫണ്ട് ചെലവുകൾ മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. വികസന ഫണ്ട്, ബ്ലോക്ക്-ജില്ല വിഹിതങ്ങൾ (പ്രോജക്ട് നമ്പർ 204/25മിനിമാസ്റ്റ് ലൈറ്റ് , 205/25- 138,439/- മിനി ഹൈമാസ്റ്റ് ലൈറ്റ്, 146/25 റോഡ് നിർമ്മാണം), തനത് ഫണ്ട് നിക്ഷേപ പ്രവൃത്തികൾ (പ്രോജക്ട് നമ്പർ 262/25, 254/25 , 259/25, 252/25, 127/25 KSEB Ltd. നിക്ഷേപം 797,256/-) എന്നിവ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2024-25 ലെ മൂലധന വർദ്ധനവ് തുടർ വർഷത്തിൽ Prior Period ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-5 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടില്ല

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ പദ്ധതിയുടെ വരുമാനവും ചെലവും

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. **MGNREGS** പദ്ധതി ക്യാഷ് ബുക്ക് പ്രകാരം **1.08** കോടി രൂപയുടെ വാർഷിക പദ്ധതി ചെലവുണ്ട്. തൊഴിലുറപ്പ് പദ്ധതി വരവു ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. **2024-25** ലെ ആസ്തി വർദ്ധനവും മൂലധന വിഹിതവും തുടർ വർഷം **Prior Period** ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-6 Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു

സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം **2024-25** വർഷം **72.92** ലക്ഷം രൂപ അക്കൗണ്ട് ചെയ്തതിന്റെ ആധികാരിക **Calculation Sheet** ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം **Roads & Bridges** ഇനത്തിന്റെ മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു. **Roads & Bridges 31-03-2025** ൽ **2.58** കോടി രൂപ ആസ്തിമൂല്യത്തിന് **2.86** കോടി രൂപയായി സഞ്ചിത മൂല്യശോഷണം കാണിച്ചിരിക്കുന്നു. **Vehicle** ഇനത്തിലും **12.65** ലക്ഷം രൂപയുടെ ആസ്തിക്ക് **17.29** ലക്ഷമായി സഞ്ചിത മൂല്യശോഷണം കാണിച്ചിരിക്കുന്നു. മൂല്യശോഷണം അക്കൗണ്ട് ചെയ്തതിലെ അപാകത പരിഹരിച്ച് സഞ്ചിത മൂല്യശോഷണം കൃത്യമാക്കേണ്ടതാണ്.

### 1-1-7 വാടക നിക്ഷേപത്തിന്റെ എല്ലാ വിശദാംശങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല

**31-03-2025** ലെ വാടക നിക്ഷേപമായ **120,662/-** രൂപ വാടകയ്ക്ക് നൽകിയ കെട്ടിട മുറികളിലെ കുത്തകക്കാരുടെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സ് **9** മുറികളിൽ **2024-25** ലെ കുത്തകക്കാർ എല്ലാവരും വാടക നിക്ഷേപം ഒടുക്കിയാണോ തുടർന്നത് എന്ന് വ്യക്തമല്ല. ഓരോ ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾക്കും വാടകയ്ക്ക് ആനുപാതിക നിക്ഷേപം പഞ്ചായത്ത് ഫണ്ടിലുണ്ടോ എന്ന് ഉറപ്പാക്കി ഡെപോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും **31-03-2025** ലെ ഓരോ മുറികളുടെയും നിക്ഷേപ വിവരം സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-1-8 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല

**2024-25** വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം **Passive Expenditure** ആയി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ തൻവർഷം കൃഷി ഓഫീസർ നിർവ്വഹിച്ചതും (പ്രോജക്ട് നമ്പർ **236/25 – 47,040/-, 68/25 – 111,900/-, 239/25 -168,387/-**) ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹിച്ചതും (പ്രോജക്ട് നമ്പർ **30/25 – 4** ലക്ഷം, **91/25 – 30,000/-**) ആയ **5** പ്രോജക്ടുകളിൽ നേരിട്ട് ചെലവഴിച്ച **7.57** ലക്ഷം രൂപയുടെ ഗുണഭോക്തൃ വിഹിതം വാർഷിക പദ്ധതി ചെലവായി പ്രതിഫലിച്ചിട്ടില്ല. തുടർ വർഷം മുതൽ സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം **Passive Expenditure** ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-9 സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ടിന്റെ വിനിമയം അക്കൗണ്ട് ചെയ്തില്ല

പ്രോജക്ട് നം.**249/25** (ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം) പ്രകാരം ചെലവഴിച്ച സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ടിൽ നിന്നുള്ള **1.56** ലക്ഷം രൂപയുടെ ചെലവ് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വാർഷിക പദ്ധതിയിലേത് കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-10 പാർട്ട് ബില്ലുകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട് ചെയ്യുന്നില്ല

പാർട്ട് ബിൽ തുകകൾ പൂർണ്ണമായും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട് ചെയ്യുന്നില്ല.

പാർട്ട് ബിൽ അക്കൗണ്ടിംഗും ക്രമീകരണവും കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. രണ്ട് ബില്ലുകളുടെ തുക മാത്രമാണ് **31-03-2025** ബാലൻസ് ഷീറ്റിൽ പാർട്ട് ബില്ലായി തുടരുന്നത്. പാർട്ട് ബിൽ അക്കൗണ്ട് ചെയ്യുന്നതിലെ അപാകത പരിഹരിക്കേണ്ടതും പാർട്ട് ബിൽ-അന്തിമ ബിൽ ക്രമീകരണങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

## 1-1-11 സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വില ബാധ്യതയായി അക്കൗണ്ട് ചെയ്യാതെ വരുമാനമാക്കി മാറ്റി

**2024-25** വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ കാലിബാരൽ വില **71,247/-** രൂപ തനത് വരുമാനമായി അക്കൗണ്ട് ചെയ്തു. സർക്കാരിലേക്ക് ഒടുക്കേണ്ട തുക ബാധ്യതയായി അക്കൗണ്ട് ചെയ്തശേഷം മെയിന്റനൻസ് ഗ്രാന്റ് തിരിച്ചടവായി ഒടുക്കേണ്ടതായിരുന്നു. **2024-25** വർഷത്തെ കാലി ബാരൽ വില തുടർ വർഷം **Prior Period** ആയി ബാധ്യത ശീർഷകത്തിലേക്ക് ക്രമീകരിച്ച ശേഷം മെയിന്റനൻസ് ഗ്രാന്റ് തിരിച്ചടവായി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-1-12 ട്രേഡർമാരുടെ തൊഴിൽ നികുതി/ലൈസൻസ് ഫീസ് കുടിശികയുടെ വിശദാംശമില്ല

**31-03-2025** ലെ ബാലൻസ് ഷീറ്റ് പ്രകാരം ട്രേഡർമാരുടെ മുൻവർഷ കാലയളവിലെ തൊഴിൽ നികുതി **12,800/-** രൂപ, **IFTE & OS** ലൈസൻസ് ഫീസ് **10,400/-** രൂപ എന്നിവ ഒടുക്കാനുള്ളവരുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-13 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ **2025** മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, മറ്റ് ചെവുകൾ **31-03-2025** വരെയുള്ള കണ്ടിജന്റ് ചെലവുകൾ തുടങ്ങിയവ **2024-25** ൽ **Payable** ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**27** പ്രകാരം അതത് വർഷ ചെലവുകൾ വർഷാവസാനം **Payable** ആയി ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു.

തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ **Payable** ആയി അക്കൗണ്ട് ചെയ്യുന്നതിന് **K-SMART** സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ **IKM**-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-14 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല

**2024-25** വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ **Receivable** ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം **2024-25** വർഷാരംഭത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തുകയും **2024-25** ൽ നിർണ്ണയിക്കുന്നവ സപ്ലിമെന്ററി ഡിമാന്റായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള **Exemption**, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള **Vacancy Remission** എന്നിവ **2024-25** വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമാന്റ് എൻട്രിയിൽ **Gross Demand** അക്കൗണ്ട് ചെയ്ത ശേഷം ഒഴിവാക്കൽ തുകകൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

തുടർ വർഷം മുതൽ **K-SMART** ൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനങ്ങൾ **Gross Demand** അക്കൗണ്ട് ചെയ്യേണ്ടതും **Exemption, Vacancy Remission, Write Off** തുടങ്ങിയവ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നതിന് ക്രമീകരണ വൗച്ചർ അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-2 ബജറ്റ്-വിശകലനം

ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തെ ബജറ്റ് , ഭരണസമിതിയുടെ **07.02.2024** -ലെ **1**-ാം നമ്പർ

തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 17.03.2025 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, പരിഷ്ക്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | **18759844/-** | **19073268/-** |
| വരവ് | **182540000/-** | **223196531/-** |
| ആകെ | **201299844/-** | **242269799/-** |
| ചെലവ് | **182393000/-** | **228450957/-** |
| നീക്കിയിരിപ്പ് | **18906844/-** | **13818842/-** |

## 1-3 സാമ്പത്തിക വിശകലനം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക

| | |
|---|---|
| മുന്നിരിപ്പ് | **28,414,427/-** |
| ഓഡിറ്റ് വർഷത്തെ വരവ് | **58,561,327/-** |
| ആകെ | **86,975,754/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **58,468,000/-** |
| നീക്കിയിരിപ്പ് | **28,507,754/-** |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | **152,241,568/-** |
| ഓഡിറ്റ് വർഷത്തെ ചെലവ് | **149,472,125/-** |
| പ്രവർത്തന മിച്ചം | **2,769,443/-** |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | **(503,939/-)** |
| അറ്റ പ്രവർത്തന മിച്ചം | **2,265,504/-** |

ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ

| | |
|---|---|
| ആസ്തിമൂല്യം | **94,217,554/-** |
| ബാധ്യതകളുടെ മൂല്യം | **82,050,520/-** |
| ആകെ ജനറൽ ഫണ്ട് മൂല്യം | **12,167,034/-** |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | **119458/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **4339228/-** |

## 1-4 ഗ്രാന്റ് വിനിയോഗം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ആരോഗ്യ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 23,685,000/- | 23,685,000/- | 22,624,148/- | 1,060,852/- | 95.52 |
| വികസന ഫണ്ട്- SCP | 0 | 2,712,000/- | 2,712,000/- | 2,304,598/- | 407,402/- | 84.98 |
| വികസന ഫണ്ട്- TSP | 0 | 114,000/- | 114,000/- | 85,600/- | 28,400/- | 75.09 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 1376866 | 3990290 +<br>241051 (പലിശ)<br>674743(ട്രഷറി)<br>4906084/- | 5608207+<br>674743 (ട്രഷറി)<br>6282950/- | 4565866 +<br>223238 (ട്രഷറി)<br>4789104/- | 1042341 +<br>451505(ട്രഷറി)<br>1493846/- | 76.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3224419 | 8046000 +<br>3532952(ട്രഷറി)<br>11578952/- | 11270419+<br>3532952/-<br>(ട്രഷറി)<br>14803371/- | 5522421 +<br>2218909(ട്രഷറി)<br>7741330/- | 5747998 +<br>1314043/-<br>(ട്രഷറി)<br>7062041/- | 52.29 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 7,906,000/- | 7,906,000/- | 7,193,242/- | 712,758/- | 90.98 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 9,387,000/- | 9,387,000/- | 9,100,222/- | 286,778/- | 96.94 |
| ആരോഗ്യ ഗ്രാന്റ്-3 | 448,382/- | 414,573/- | 862,955/- | 429,459/- | 433,496/- | 49.77 |
| ആരോഗ്യ ഗ്രാന്റ്-4 | 199,655/- | 641,882/- | 841,537/- | 189,467/- | 652,070/- | 22.51 |
| SBA ഫണ്ട് | 0 | 650,496/- | 650,496/- | 650,496/- | 0 | 100 |
| ICDS ഫണ്ട് | 676,083/- | 1,969,608/- | 2,645,691`/- | 841,941/- | 1,803,750/- | 31.82 |
| ശുചിത്വ മിഷൻ | 72,218/- | 59307/- | 131525/- | 131525/- | 0 | 100 |
| Life State | 440,000/- | 3,300,000/- | 3,740,000/- | 3,080,000/- | 660,000/- | 82.35 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്തെ അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ് ഫണ്ട് രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 23,685,000/- | 23685000/- | 295/25 - 1226400/-<br>296/25 - 800989/-<br>298/25 – 793201/-<br>ആകെ – 2,820,590/- | 20,864,410/- |
| വികസന ഫണ്ട്- | 2,712,000/- | 2712000/- | 297/25 – 18219/- | 2,667,534/- |

| | | | | |
|---|---|---|---|---|
| SCP | | | 300/25 – 26247/-<br>ആകെ - 44,466/- | |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1) വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

2) ഹോമിയോ ഗ്രാന്റ് (500,000/-), കുടിവെള്ളം (373,244/-), ജലനിധി (765,659/-) എന്നിങ്ങനെ 16.39 ലക്ഷം രൂപയുടെ ഗ്രാന്റുകളും ICDS ഫണ്ട് 18 ലക്ഷം രൂപയും ചെലവഴിക്കാതെ ബാധ്യതയായി തുടരുകയാണ്. ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ചെലവഴിക്കേണ്ടതാണ്.

3) ഗുണഭോക്തൃ വിഹിതം 237,197/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ഏത് നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേനയുള്ളതാണ് എന്ന് ഏ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല. വിശദാംശം കണ്ടെത്തി സൂക്ഷിക്കേണ്ടതും തുടർ വർഷം തന്നെ ചെലവഴിക്കേണ്ടതുമാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിലെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) 19-03-2025 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10(8)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ 21-03-2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷിക പദ്ധതിയിൽ 77 സ്പിൽഓവർ പ്രോജക്ടുകളും 186 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 263പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 121756125/- രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ(എണ്ണം) | പദ്ധതി അടങ്കൽ (Rs.) | നടപ്പാക്കിയ/ പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് (Rs.) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 263 | 121756125 | 202 | 76389787 | 61 | 76.8% |

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 14-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16-12-23 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭ | 17-07-2024 മുതൽ 25-07-24 |
| പദ്ധതി രൂപീകരണഗ്രാമസഭ | 24.12.2023 മുതൽ 31.12.2023 വരെ |
| ഊരുകൂട്ട യോഗം | 4.01.2024,8.08.2024 |
| വികസനസെമിനാർ | 15/01/2024 |

| | |
|---|---|
| പദ്ധതി അന്തിമമാക്കൽ- ജനറൽ കമ്മറ്റി അംഗീകാരം | 19-03-2025 |

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 263 പ്രോജക്ടുകളിൽ 202 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷിക പദ്ധതിയുടെ ആകെ ചെലവ് 7,63,89,787/- രൂപയാണ്. അടങ്കൽ തുകയുടെ 62.73% തുക തൻവർഷം ചെലവഴിക്കുകയുണ്ടായി.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ/ നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| കൃഷി ഓഫീസർ | 13/11 | 4827135 | 1646208 | 34.1 |
| വെറ്ററിനറി സർജൻ | 4/4 | 2320800 | 2011152 | 86.65 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 12/9 | 5045441 | 2836450 | 56.21 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2/2 | 350200 | 349662 | 99.84 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 8/8 | 3353151 | 3094620 | 92.28 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 12/12 | 6255828 | 3504180 | 56 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 8/8 | 6519996 | 4064283 | 62.33 |
| സെക്രട്ടറി | 45/31 | 18784597 | 16005455 | 85.2 |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ ,പങ്ങട | 5/4 | 975000 | 797630 | 81.8 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 12/8 | 32541473 | 16288296 | 50 |
| അസി.എഞ്ചിനീയർ | 124/89 | 36001642 | 22221376 | 61.72 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3/3 | 2220000 | 1730000 | 77.92 |
| അസി.സെക്രട്ടറി | 14/13 | 2560862 | 1840475 | 71.86 |
| ആകെ | 263/202 | 121756125 | 76389787 | 62.73 |

കൃഷി ഓഫീസർ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ(അലോപ്പതി) എന്നിവർക്ക് പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് ശതമാനം കുറവായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 124 പ്രോജക്ടുകളിൽ 89 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് സമർപ്പിച്ചിട്ടുള്ളത്. വി.ഇ.ഒ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ ജില്ലാപഞ്ചായത്ത് വിഹിതം, സംസ്ഥാനാവിഷ്കൃതഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, വായ്പ എന്നീയിനങ്ങളിൽ വലിയ തുകകൾ വകയിരുത്തിയിരുന്നുവെങ്കിലും ടി തുകകളൊന്നും പൂർണ്ണമായും ലഭിക്കാത്തതിനാൽ വി.ഇ.ഒ യുടെ ചെലവ് ശതമാനം കുറയാനിടയായി.

വാർഷികപദ്ധതി വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് നടപ്പിലാക്കേണ്ടിയിരുന്ന 47 പ്രോജക്ടുകളിൽ 7 എണ്ണം പൂർത്തിയാക്കി ബില്ല് സമർപ്പിച്ചിട്ടില്ലായിരുന്നു.

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് അഭിമാനാർഹമായ നേട്ടം കൈവരിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സഞ്ചിതനിധിയിലേയ്ക്ക് 42.61 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1060852/- |
| വികസന ഫണ്ട്-SCP | 407402/ |
| വികസന ഫണ്ട്-TSP | 28400 |
| മെയിന്റനൻസ്ഗ്രാന്റ്-Road | 286778 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 712758/ |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1314043 /- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 451505 |
| ആകെ | 4261738/- |

നിർവ്വഹണത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കി ട്രഷറിയിൽ ബില്ല് സമർപ്പിച്ച് മാറിയെടുക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 17വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 17 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 597 പ്രോജക്ടുകളിൽ 123എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 123 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 29835 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 428 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കിയ പ്രവൃത്തികളായ ഭൂവികസനം, മഴക്കുഴി നിർമ്മാണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം തുടങ്ങിയവയും പഞ്ചായത്ത് ആസ്തികളായി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളും തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 00 | സ്കിൽഡ് ലേബർ(EFMS ) | 441475.38 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 446713.00 | അൺസ്കിൽഡ് ലേബർ(EFMS) | 10161513.00 |
| പലിശ വരവ് | 9704.00 | മെറ്റീരിയൽ (EFMS) | 209064.90 |
| ആകെ നേരിട്ടുള്ള വരവ് | 456417.00 | ആകെ EFMS ചെലവ് | 10812053.28 |
| സ്കിൽഡ് ലേബർ(EFMS) | 441475.38 | ഭരണചെലവ് | 904801.00 |
| അൺസ്കിൽഡ് ലേബർ(EFMS) | 10161513.00 | പ്രിന്റിംഗ് | 1950.00 |
| മെറ്റീരിയൽ(EFMS) | 209064.90 | ഗ്രാമ പഞ്ചായത്ത് മുൻകൂർ തിരിച്ചടവ് | 429029.00 |
| ആകെ EFMS വരവ് | 10812053.28 | | |
| ഗ്രാമ പഞ്ചായത്ത് ഫണ്ട് മുൻകൂർ | 906751.00 | നീക്കിയിരിപ്പ് | 27388.00 |

| ആകെ | 12175221.28 | | 12175221.28 |
|---|---|---|---|

.നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ തുക (EFMS) വാർഷിക കണക്കിന്റെ ഭാഗമാക്കിയിട്ടില്ല

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

**2024-25** വർഷം കൂരോപ്പട ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി **6.59** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിവാഹധനസഹായം | **30000/-** | **1** |
| വാർദ്ധക്യകാലപെൻഷൻ | **44858800/-** | **2799** |
| കർഷകതൊഴിലാളി പെൻഷൻ | **2985200/-** | **166** |
| വിധവാപെൻഷൻ | **13151500/-** | **830** |
| **50** വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | **714200/-** | **47** |
| വികലാംഗപെൻഷൻ | **4220600/-** | **252** |
| ആകെ | **65960300/-** | |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

**1994**-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ **6(4)**-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ **2024-25** ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി **15.12.2025** തീയതിയിൽ **3.10** പി എം-ന് ഫ്രണ്ട് ഓഫീസ് കാഷ്യറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **9561/-** രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. വസ്തു നികുതി കുടിശിക വരവുകൾ പൂർണ്ണമായും ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തിട്ടില്ല.
കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് **3(3)** പ്രകാരം ഗ്രാമസഭ **3** മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ മുൻ വർഷങ്ങളിലെ വിവരങ്ങൾ ചേർത്ത് കാലികമായി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുമ്പോൾ കുത്തകക്കാരുമായി നിശ്ചിതമൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കാൻ ശ്രദ്ധിക്കുന്നില്ല. ഹരിതകർമ്മ സേനയ്ക്ക് നൽകുന്ന രസീതിന്റെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്താൻ നടപടി

സ്വീകരിക്കേണ്ടതാണ്.

ഹരിതകർമ്മസേന രസീത് ബുക്കുകളുടെ സ്റ്റോക്ക്

ഹരിതകർമ്മസേനക്ക് നൽകുന്ന രസീത് ബുക്കുകൾ കൃത്യമായി സ്റ്റോക്കിലെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൻവർഷം **400** രസീത് ബുക്കുകൾ വാങ്ങിയതിന്റെ വിതരണം മാത്രമാണ് രേഖപ്പെടുത്തുന്നത്. ലഭ്യമാകുന്ന രസീതിന്റെ സ്റ്റോക്ക് എൻട്രി കൃത്യമായി നടത്തേണ്ടതാണ്. രസീത് മുഖേനയുള്ള സാമ്പത്തിക ഇടപാടുകൾ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉപരിപരിശോധന നടത്തേണ്ടതാണ്.

കരാറുകൾ തയ്യാറാക്കുന്നത് സമഗ്രവും പൂർണ്ണവുമായും സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് വിവിധ പ്രവർത്തനങ്ങൾ, പ്രോജക്റ്റുകൾ, വാങ്ങൽ, പൊതുമരാമത്ത് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ മറ്റ് ഏജൻസികളും വ്യക്തികളുമായി കരാറിൽ ഏർപ്പെടുന്നുണ്ട്. അപ്രകാരമുള്ള കരാറിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതുകയും പഞ്ചായത്ത് അധികൃതർ, കരാർ വ്യക്തി, സാക്ഷികൾ എന്നിവർ കൃത്യമായി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കരാറുകൾ എഴുതാതെ മുദ്രപത്രങ്ങൾ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | **27/07/2022,29/07/2022, 01/08/2022** | **01/2022** മുതൽ **03/2022** വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | **07/04/2014** | **2009-10** മുതൽ **2013-14** വരെ | എൽ ബി എ (എച് ക്യു)/**II/ 8 A - 2187/220** തീയതി **05.09.2014** |

## 1-11 വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ **31-03-2025** ബാലൻസ് ഷീറ്റ് പ്രകാരം **10** ലക്ഷത്തിലധികം രൂപ വസ്തുനികുതി ഇനത്തിൽ ലൈബ്രറി സെസ് ഉൾപ്പെടെ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യ വസ്തുനികുതി(**2024-25**) | **271,387/-** |
| പാർപ്പിടാവശ്യ വസ്തുനികുതി(കുടിശ്ശിക) | **55,310/-** |
| പാർപ്പിടേതര വസ്തുനികുതി(**2024-25**) | **216,703/-** |
| പാർപ്പിടേതരവസ്തുനികുതി(കുടിശ്ശിക) | **469,691/-** |
| ആകെ | **1,013,091/-** |

**2024-25** വർഷം **51.8** ലക്ഷം രൂപയാണ് ആകെ വസ്തുനികുതി ഡിമാന്റ്. പാർപ്പിടേതര വസ്തുനികുതി ഡിമാന്റ് **18** ലക്ഷം രൂപ മാത്രമാണ്. ഇതിൽ **12%** ലധികം തുക തൻവർഷം കുടിശ്ശികയാണ്. മുൻവർഷങ്ങളിലെ **4.7** ലക്ഷത്തോളം രൂപയും കുടിശ്ശികയുണ്ട്. ലഭ്യമാക്കിയ കുടിശ്ശിക ഡി.സി.ബി. പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിലെ **1, 15** വാർഡുകളിലാണ് ഏറ്റവുമധികം കുടിശ്ശികയുള്ളത്. വസ്തുനികുതി ഡിമാന്റിന്റെ **90%** പിരിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്ന് **1%** കുറവു വരുത്തുന്നതിനാൽ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടി വിഷയം **22-10-2025** ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ തുടർ നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. മേൽ വിവരിച്ച നികുതി കുടിശ്ശിക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാകാനുള്ള അടിയന്തിര നടപടികൾ ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്വീകരിക്കേണ്ടതാണ്.

## 1-12 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത

പഞ്ചായത്തിന്റെ 9-ാം വാർഡിലുള്ള സുമിത വിനോദ്, വെട്ടത്താഴത്ത്, കോത്തല എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള **IX/227/B** കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജോയിസ് മാത്യു എന്ന വ്യക്തിയിൽ നിന്ന് ഫയൽ നം.**3526/24** പ്രകാരം തൻവർഷം മാറ്റി നൽകിയിരുന്നു. **2023-24** രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച ടി കെട്ടിടത്തിന് **300** ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്കുള്ള **6/-** രൂപ നിരക്കിലായിരുന്നു വസ്തു നികുതി നിർണ്ണയിച്ചിരുന്നത്. എന്നാൽ **2023** നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം മേൽപറഞ്ഞ **316.86** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള **(Ground Floor-173.66, First Floor-143.2)** കെട്ടിടത്തിന് **300** ച.മീ. മുകളിലുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് **8/-** രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു.

| നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | നികുതിയിലെ കുറവ് |
|---|---|---|
| അടിസ്ഥാന നികുതി<br>**= 316.86 X 6 = 1901.16** | അടിസ്ഥാന നികുതി<br>**= 316.86 X 8 = 2534.88** | അടിസ്ഥാന നികുതി<br>**633.72** |
| വർദ്ധനവ് **35% = 665.41** | വർദ്ധനവ് **35% = 887.21** | **221.8** |
| നികുതി - **2567/-** | നികുതി - **3422/-** | നികുതി - **855/-** |
| **Library Cess(5%) - 128/-** | **Library Cess(5%) - 171/-** | **Library Cess(5%) - 43/-** |
| ആകെ - **2695/-** രൂപ | ആകെ - **3593/-** രൂപ | ആകെ - **898/-** രൂപ |
| **2024-25** ലെ നികുതി **5%** വർദ്ധനവ് കണക്കാക്കുമ്പോൾ- നിരക്ക് **6.3**<br>ആകെ – **2830/-** രൂപ | **2024-25** ലെ നികുതി **5%** വർദ്ധനവ് കണക്കാക്കുമ്പോൾ- നിരക്ക് **8.4**<br>ആകെ – **3773/-** രൂപ | **2024-25** ലെ നികുതിയിലെ വ്യത്യാസം – **943/-** |

**IX/227/B** നം. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ രേഖകൾ നികുതി ഡേറ്റാബേസിലുള്ളത് പരിശോധിച്ചതിൽ നിന്നും **2023-24** രണ്ടാം അർദ്ധ വർഷം **449/-** രൂപയും **2024-25** വർഷം **943/-** രൂപയും ഉൾപ്പടെ **1,392/-** രൂപയാണ് **31-03-2025** വരെയുള്ള നികുതി ഡിമാന്റിൽ കുറവുണ്ടായിട്ടുള്ളത്. ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി ഡിമാന്റിലെ വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് **(**നം.**19/2024-25/19-12-2025)** നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ കെട്ടിടത്തിന്റെ നികുതി നിരക്ക് കൃത്യമാക്കി പുനർ നിർണ്ണയിക്കേണ്ടതും **2023-24** രണ്ടാം അർദ്ധ വർഷം മുതൽ **31-03-2025** വരെ നികുതിയിലുണ്ടായ കുറവ് തുക കുടിശികയായി ഡിമാന്റിൽ ചേർത്ത് ഈടാക്കേണ്ടതുമാണ്. നികുതി കൃത്യമാക്കിയ വിവരവും **31-03-2025** വരെ കുടിശ്ശിക ഒടുക്കിയ വിവരവും അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വിഭജിച്ച് നമ്പർ നൽകിയപ്പോൾ നികുതി നിർണ്ണയത്തിൽ അപാകത

പഞ്ചായത്തിന്റെ **15**-ാം വാർഡിലുള്ള കെ. എം. മാത്യു, കാവുങ്കൽ, പങ്ങട എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള **142.92** ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ ഉപയോഗക്രമത്തിൽ അപാകതയുള്ളതായി കാണുന്നു. **XV/263/A(46.59** ച.മീ.**), B(46.59** ച.മീ.**), C(24.07** ച.മീ.**), D(25.67** ച.മീ.**)** എന്നിങ്ങനെ **4** നമ്പറുകളായി വിഭജിച്ച് **2023-24** രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ **"100** ച.മീ. വരെയുള്ള വാണിജ്യാവശ്യ കെട്ടിടം" എന്ന ഗണത്തിൽ ചതുരശ്ര മീറ്ററിന് **40/-** രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. **05-04-2023** ലെ സ.ഉ. **(**അച്ചടി**)** നം.**25/2023/LSGD** പ്രകാരം **01-04-2023** പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചതിൻ പ്രകാരം വിവിധ ഉപയോഗക്രമങ്ങളും പ്രാബല്യത്തിലായി. എന്നാൽ മേൽപറഞ്ഞ

142.92 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് “100 മുതൽ 500 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടം” എന്ന ഗണത്തിൽ ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ ചേർക്കുന്നു.

| | |
|---|---|
| നിർണ്ണയിച്ച<br>അടിസ്ഥാന നികുതി | 142.92 X 40 = 5716.8<br>5717/- രൂപ |
| നിർണ്ണയിക്കേണ്ട<br>അടിസ്ഥാന നികുതി | 142.92 X 60 = 8575.2<br>8576/- രൂപ |
| അടിസ്ഥാന നികുതിയിലെ കുറവ് | 2859/- രൂപ |
| വാർഷിക നികുതിയിലെ കുറവ്(അറ്റ വർദ്ധനവ് 10% ഉൾപ്പെടെ) | 3145/- രൂപ |

കെട്ടിടം പാമ്പാടി-അരീപ്പറമ്പ് റോഡിന്റെ സൈഡിൽ(5 മീറ്ററിലധികം വീതിയുള്ള റോഡ്) ദ്വിതീയ മേഖലയിൽ സ്ഥിതിചെയ്യുന്നതായാണ് നികുതി ഡേറ്റയിൽ കാണുന്നത്. അടിസ്ഥാന നികുതിയിൽ 10% കുറവും 20% വർദ്ധനവുമാണ് ബാധകമായിരിക്കുന്നത്(അറ്റ വർദ്ധനവ് 10%). 2023-24 രണ്ടാം അർദ്ധവർഷം 1573/- രൂപയും 2024-25 വർഷം 5% വർദ്ധവ് ഉൾപ്പടെ 3302/- രൂപയും ഉൾപ്പടെ ആകെ 4,875/- രൂപ നികുതി, 244/-രൂപ ലൈബ്രറി സെസ് എന്നിവയാണ് 31-03-2025 വരെ വസ്തു നികുതി ഡിമാന്റിലുണ്ടായ കുറവ്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി ഡിമാന്റിലെ വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/2024-25/20-12-2025) നൽകിയതിന് മറുപടി ലഭിച്ചില്ല.
മേൽ കെട്ടിടത്തിന്റെ നികുതി നിരക്ക് കൃത്യമാക്കി പുനർ നിർണ്ണയിക്കേണ്ടതും 2023-24 രണ്ടാം അർദ്ധ വർഷം മുതൽ 31-03-2025 വരെ നികുതിയിലുണ്ടായ കുറവ് തുക കുടിശികയായി ഡിമാന്റിൽ ചേർത്ത് ഈടാക്കേണ്ടതുമാണ്. നികുതി കൃത്യമാക്കിയ വിവരവും 31-03-2025 വരെ കുടിശിക ഒടുക്കിയ വിവരവും അറിയിക്കേണ്ടതാണ്.

## 1-14 വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ നികുതി വർദ്ധനവ് ബാധകമായില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം-6-നു കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് ചുമത്തേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് നമ്പർ നൽകി നികുതി നിർണ്ണയിക്കുമ്പോൾ 250 ചതുരശ്ര മീറ്ററിൽ കുറവുള്ള വിഭജനത്തിന് വർദ്ധനവ് ബാധകമാകുന്നില്ല. 2024-25 വർഷം നികുതി നിർണ്ണയിച്ച 4-ാം വാർഡിലുള്ള ദാമോദരൻ നായർ & സനോജ് ഡി., കൊല്ലം പറമ്പിൽ, കൂരോപ്പട എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള 435.7 ച.മീ. കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറനിർമ്മിതിക്ക് ബാധകമായ നികുതി വർദ്ധനവ് ബാധകമായില്ല
250 ചതുരശ്ര മീറ്ററിൽ അധികമായുള്ള വിസ്തീർണ്ണത്തിന് ഒരു നമ്പർ നൽകി നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ മാത്രമാണ് 15% നികുതി വർദ്ധനവ് നികുതി ഡേറ്റാബേസിൽ ബാധകമാകുന്നത്. 250 ചതുരശ്ര മീറ്ററിൽ കുറവായുള്ള വിഭജനത്തിന് പഞ്ചായത്തിന് ലഭിക്കേണ്ട 15% നികുതി നഷ്ടമാകാനും ഇടയാക്കുന്നു. ഒരേ കെട്ടിടമാണ് എങ്കിൽ വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ മേൽപറഞ്ഞ വർദ്ധനവ് ബാധകമാകുന്ന ക്രമീകരണം നികുതി ഡേറ്റാബേസിൽ ഇല്ലാത്തതിനാൽ അപാകത തുടരുകയാണ്. ഈ വിഷയത്തിൽ വിശദീകരണം നൽകേണ്ടതും 01-04-2025 ൽ ആരംഭിച്ച K-SMART സംവിധാനത്തിലെ നികുതി ഡേറ്റാബേസിൽ പ്രസ്തുത അപാകത പരിഹരിക്കപ്പെട്ടോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/19-12-2025) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം IKM-മായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറിൽ അപാകത പരിഹരിച്ച് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കൃത്യമാക്കേണ്ടതാണ്. അപാകത പരിഹരിച്ചതിന്റെ വിവരം ഓഡിറ്റിൽ രേഖാമൂലം

അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി ഡേറ്റാബേസ് - സ്വീകരിക്കേണ്ട തുടർ നടപടികൾ

വസ്തുനികുതി ഡേറ്റാബേസ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ **2013** ലെ നികുതി നിരക്ക് പ്രകാരം നികുതി നിർണ്ണയിക്കുകയും മുൻപുള്ളവ പരിഷ്കരിക്കുകയും ചെയ്ത **10700** എണ്ണം കെട്ടിടങ്ങളുടെ നികതി നിർണ്ണയങ്ങളാണ് **31-03-2023** വരെയുള്ളത്. **01-04-2023** തീയതിയിൽ നികുതി പരിഷ്കരണം പ്രാബല്യത്തിലായി. **2023** ലെ നികുതി പരിഷ്കരണത്തിന് ശേഷം **31-03-2025** വരെ **400** കെട്ടിടങ്ങളാണ് നികുതി നിർണ്ണയിക്കപ്പെട്ടതായി ഡാറ്റാബേസിലുള്ളത്. **01-04-2025** പ്രാബല്യത്തിൽ **K-SMART** സംവിധാനം നടപ്പാക്കിയതിനെ തുടർന്ന് **31-03-2025** വരെ പഞ്ചായത്ത് ഡേറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ **K-SMART** ലേക്ക് പോർട്ട് ചെയ്യുന്ന സോഫ്റ്റ്‌വെയർ നടപടിക്രമങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഏകദേശം **11100** കെട്ടിടങ്ങളുടെ വിവരങ്ങളാണ് അപ്രകാരം പോർട്ട് ചെയ്യേണ്ടത്. **31-03-2025** വരെയുള്ള ഡേറ്റാബേസ് പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും തുടർന്ന് **K-SMART** ൽ ഏർപ്പെടുത്തേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** പഞ്ചായത്തിന്റെ റോഡ് മാസ്റ്റർ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിരുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ (പേര്, നീളം വീതി, തരം തുടങ്ങിയവ) ചേർത്ത് പൂർത്തിയാക്കേണ്ടതും വസ്തുനികുതി നിർണ്ണയ സമയത്ത് കെട്ടിടത്തിന്റെ പ്രവേശനമാർഗ്ഗം എത് റോഡിൽ നിന്നാണ് എന്നുള്ള വിശദാംശം **Select** ചെയ്ത് നൽകാവുന്ന ക്രമീകരണം ഏർപ്പെടുത്തേണ്ടതുമാണ്.

**2.** മേഖലാ വിഭജനം കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചായത്ത് പ്രദേശം മാപ്പ് ചെയ്ത് ഉൾപ്പെടുത്തുന്ന രീതിയിൽ ക്രമീകരണം നടത്താവുന്നതാണ്. നിലവിലുള്ള കെട്ടിടങ്ങൾ സ്പെഷ്യൽ മാപ്പിങ്ങ് നടത്തി നികുതി ഡേറ്റാബേസുമായി ബന്ധിപ്പിക്കാവുന്നതുമാണ്.

**3.** ഒരു കെട്ടിടത്തിന്റെ ഭാഗം തന്നെ വിവിധ നമ്പറുകൾ നൽകി നികുതി നിർണ്ണയിക്കുമ്പോൾ ഒരേ കെട്ടിടത്തിന്റെ ഭാഗമാണ് എന്ന് ക്രമീകരണം നടത്തി ആകെ വിസ്തീർണ്ണം, വർദ്ധനവുകൾ എന്നിവ ബാധകമാകുന്ന രീതിയിൽ ഡാറ്റാബേസ് സജ്ജീകരിക്കേണ്ടതാണ്. ഒരു കെട്ടിടത്തിലെ എല്ലാ നികുതി നിർണ്ണയ നമ്പരുകളും വ്യക്തമാകാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

**4.** കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന സാഹചര്യത്തിൽ ഉടമയുടെ വിശദാംശവും കുത്തകക്കാരുടെ വിവരങ്ങളും ചേർക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമാണ്.

**5.** ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ്, സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ മാത്രം അക്കൗണ്ട് ചെയ്യപ്പെടുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

കെട്ടിട നമ്പറിങ്ങിന് ശേഷം **2** വർഷത്തിനുള്ളിൽ **Post Occupancy Audit** നടത്തി അനധികൃത നിർമ്മാണങ്ങളുണ്ടോ എന്ന് സ്ഥിരീകരിക്കാവുന്നതാണ്. **K-SMART** ൽ വസ്തുനികുതി ഡേറ്റാബേസ് കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം **60** ദിവസത്തിലധികം ജോലി-വ്യവസായം-വ്യാപാരം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധിയിൽ അധികമായി വരുമാനം ലഭിക്കുന്നവരുമായ വ്യക്തികളും അതോടൊപ്പം വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും **1994**-ലെ കേരള പഞ്ചായത്ത് രാജ് നിയമം **204**-ാം വകുപ്പു പ്രകാരം നിശ്ചിത നിരക്കിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. **2024-25** വർഷത്തെ തൊഴിൽനികുതി വരവുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, മേൽപരാമർശിച്ച രീതിയിൽ നികുതി ഒടുക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.** ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൻവർഷം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അക്ഷയ സെന്റർ, കൂരോപ്പട | 1,2 |
| 2 | ടി എസ് നം 23 , പാറാമറ്റം | 1,2 |
| 3 | ടി എസ് നം 37 , ചെന്നാമറ്റം | 1,2 |
| 4 | ടി എസ് നം 39, എരുത്തുപുഴ | 1,2 |
| 5 | ടി എസ് നം 43, ളാക്കാട്ടൂർ | 1,2 |
| 6 | ടി എസ് നം 55, കൂരോപ്പട | 1,2 |
| 7 | APCOS , ളാക്കാട്ടൂർ& APCOS കൂരോപ്പട | 1,2 |
| 8 | നിത്യ ക്ലിനിക്ക്,കൂരോപ്പട | 1,2 |
| 9 | സ്കെച്ച് അപ്പ് ഡിസൈനേഴ്സ് ആൻഡ് ബിൽഡേഴ്സ് ,കൂരോപ്പട | 1,2 |
| 10 | മേച്ചിറക്കാട്ട് ക്ലിനിക് , കൂരോപ്പട | 1,2 |
| 11 | നീതി ലാബ് (മെഡിക്കൽ ലാബ്),കൂരോപ്പട | 1,2 |
| 12 | അനുഗ്രഹ ലാബ് & ഇ സി ജി ,കൂരോപ്പട | 1,2 |
| 13 | ഡോമിനൻസ് ഫിറ്റ്നസ് ജിം ,കൂരോപ്പട | 1,2 |
| 14 | കുഴിമറ്റം ഫിനാൻസ് , കൂരോപ്പട | 1,2 |
| 15 | പൊതുസേവനകേന്ദ്രം (CSC ), കൂരോപ്പട | 1,2 |
| 16 | വെള്ളമറ്റത്ത് ആയുർവ്വേദ ക്ലിനിക്, കൂരോപ്പട | 1,2 |
| 17 | അമ്മൂസ് ഫിനാൻസ്, കൂരോപ്പട | 1,2 |
| 18 | കാർമ്മൽ ഗോൾഡ് ലോൺ, കൂരോപ്പട | 1,2 |
| 19 | ഒമേഗ ഹോംസ് കോൺസ്ട്രക്ഷൻസ്, കൂരോപ്പട | 1,2 |
| 20 | അരവിന്ദ ഡെന്റൽ ക്ലിനിക്, കൂരോപ്പട | 1,2 |
| 21 | ജനസേവന കേന്ദ്രം, കൂരോപ്പട | 1,2 |
| 22 | മലങ്കര ആയുർവ്വേദിക് വെൽനെസ്സ് & ട്രീറ്റ്മെന്റ് LLP | 1,2 |
| 23 | വിശാൽ ഹോമിയോ ക്ലിനിക്, പങ്ങട | 1,2 |
| 24 | റോയ്സ് ഡെന്റൽ & ഇംപ്ലാന്റ് ക്ലിനിക്, കോത്തല | 1,2 |
| 25 | Mr Care ഡയഗ്നോസ്റ്റിക് സെന്റർ, ളാക്കാട്ടൂർ | 1,2 |
| 26 | ABS ഡെന്റൽ ക്ലിനിക് & ഇംപ്ലാന്റ് സെന്റർ, ളാക്കാട്ടൂർ | 1,2 |
| 27 | ദീപ്തി ഡയഗ്നോസ്റ്റിക് സെന്റർ, കൂരോപ്പട | 1,2 |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൻവർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടി എസ് നം 23 , പാറാമറ്റം | 1,2 |
| 2 | ടി എസ് നം 55, കൂരോപ്പട | 1 |

| | | |
|---|---|---|
| 3 | ടി എസ് നം 43, ളാക്കാട്ടൂർ | 1,2 |
| 4 | ടി എസ് നം 39, എരുത്തുപുഴ | 1,2 |
| 5 | ടി എസ് നം 37, ചെന്നാമറ്റം | 1 |
| 6 | അക്ഷയ സെന്റർ, കൂരോപ്പട | 1 |
| 7 | APCOS, ളാക്കാട്ടൂർ& APCOS കൂരോപ്പട | 1,2 |

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/19.12.25) , ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാത്ത ടി സ്ഥാപനങ്ങളിൽ 2 മാസത്തിലധികം ആരും ജോലി ചെയ്യാത്തതിനാലാണ് തൊഴിൽനികുതി ഈടാക്കാതിരുന്നതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. സ്ഥാപനങ്ങളുടെ തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്കും, ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരുടെ പേരുകൾ |
|---|---|
| 1 | സാബു സെബാസ്റ്റ്യൻ |
| 2 | റ്റി ജെ ജോസഫ് |
| 3 | ജിതിൻ ഏബ്രഹാം |
| 4 | റിജു ഐ ബി |
| 5 | എം എൻ പ്രഭാകരൻ നായർ |
| 6 | രമേഷ് സി എസ് |
| 7 | ആൽബിൻ പയസ് മാനുവൽ |
| 8 | കെ എൻ സജികുമാർ |
| 9 | കെ വി ജോസഫ് |
| 10 | അവിര ഏബ്രഹാം |
| 11 | എം എൻ പ്രഭാകരൻ നായർ |
| 12 | ജയ്സ് പി ജോർജ് |
| 13 | സോമരാജൻ സി കെ |
| 14 | രാജൻ വർഗ്ഗീസ് |
| 15 | പ്രദീപ് കുമാർ കെ ആർ |
| 16 | തമ്പി തോമസ് |

കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത്

ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/20.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല . കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഷോപ്പിംഗ് കോംപ്ലെക്സ് വാടക -അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 9 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. രജിസ്റ്ററുകളും കരാറുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുത്തകക്കാർ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല

**2024-25** വാർഷിക കണക്കുകൾ പ്രകാരം വാടകയിനത്തിൽ തൻവർഷം **19126/-** രൂപ പിരിച്ചെടുക്കാൻ ശേഷിയ്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മുറി നം/വാടകക്കാരൻ | പ്രതിമാസവാടക (രൂപ) | വാടക അടക്കാത്ത കാലയളവ് | ആകെ അടക്കാനുള്ള തുക |
|---|---|---|---|---|
| 1 | 4/455 –വിദ്യാ എസ് ആനന്ദ് | 5700 | 2025 മാർച്ച് | 5700 |
| 2 | 4/459 - പ്രസിഡന്റ് ഹരിത കർഷക സംഘം | 778 | 2024 ജൂലൈ- 2025 മാർച്ച് | 7002 |
| 3 | 4/461 – ഹരികുമാർ ബി | 803 | 2024 ഓഗസ്റ്റ്- 2025 മാർച്ച് | 6424 |
| ആകെ | | | | 19126/- |

വാടക തുക കുത്തകക്കാരിൽ നിന്നും പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിനുള്ള വിശദീകരണവും, നിലവിൽ തുക അടച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/17.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഓരോ സാമ്പത്തിക വർഷത്തിലും വാടക നിക്ഷേപം, വാടക തുകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിച്ചിട്ടില്ല.

3. വാടക ഡിമാന്റ് രജിസ്റ്ററിൽ ഓരോ കെട്ടിടങ്ങളുടെയും വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ ഡിമാന്റ് രജിസ്റ്ററിൽ ക്ലോസ് ചെയ്യാതെയാണ് ഡി.സി.ബി. തയ്യാറാക്കിയത്.

4.വാടക അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്ന കെ എസ് ഇ ബി സെക്ഷൻ ഓഫീസിന്റെ വാടക ഒടുക്കുന്നതിനു 2019 മുതൽ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയോ വാടക നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ 06/07 /2024 ലെ 7/1 നം കമ്മറ്റി തീരുമാന പ്രകാരം 25 / 07 / 2024 നു മുൻപായി കെട്ടിടം ഒഴിപ്പിക്കുന്നതിനു കേരള പഞ്ചായത്തരാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ, 1996 പ്രകാരം നോട്ടീസ് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും നിശ്ചിത സമയത്തിനകം കെട്ടിടം ഒഴിയാത്ത പക്ഷം ഗ്രാമപഞ്ചായത് നേരിട്ട് കെട്ടിടം ഒഴിപ്പിച്ച്, കെട്ടിടവും ആയത് ഉൾപ്പെട്ട സ്ഥലവും ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ കെ എസ് ഇ ബി സെക്ഷൻ ഓഫീസ് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നുണ്ടോ/കെട്ടിടം ഒഴിപ്പിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും, ടി ഓഫീസിൽ നിന്ന് പ്രതിമാസ വാടകയിനത്തിൽ ഈടാക്കേണ്ടിയിരുന്ന

തുക, എത്ര വർഷത്തെ വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട് എന്നിവ സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല.
വാടക തുക കുത്തകക്കാരിൽ നിന്നും കുടിശ്ശിക സഹിതം പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും മറ്റ് അപാകതകളും പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ലൈസൻസ് - നടപടിക്രമങ്ങളിലെ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല – ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 278 സ്ഥാപനങ്ങളാണ് ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളത്. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 387 സ്ഥാപനങ്ങൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 17 വാർഡുണ്ടായിരുന്നതിൽ 14 വാർഡിലെ സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ധാരാളം വാണിജ്യ-സംരംഭക പ്രവർത്തനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലേക്കാണ് പ്രസ്തുത കണക്കുകൾ വിരൽ ചൂണ്ടുന്നത്. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 25/ 20.12.2025) സ്ഥാപനങ്ങൾ പലതും പ്രവർത്തിക്കുന്നില്ലെന്നും, അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡ്തല ലൈസൻസ് രജിസ്റ്റർ കാലികമായി തയ്യാറാക്കി തനതുഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ലൈസൻസ് തുക ഡിമാൻഡ് ചെയ്ത് ഈടാക്കി കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

2. അക്രൂവൽ വരവിനമായ ലൈസൻസ് ഫീസ് കുടിശ്ശികയിനത്തിൽ 10400/- രൂപ പിരിയ്ക്കാനവശേഷിയ്ക്കുന്നു.

അക്രൂവൽ വരവിനമായ ലൈസൻസ് തുക ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡിമാൻഡ് ചെയ്ത് ഈടാക്കണമെന്നിരിക്കെ, അപേക്ഷ സമർപ്പിച്ച ശേഷം ലൈസൻസ് ഫീസ് അടവാക്കാനുള്ള അറിയിപ്പ് നൽകിയിട്ടും ഫീസ് അടവാക്കാത്തതിനാലാണ് കുടിശ്ശിക വന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട ജിവനക്കാർ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തനം ആരംഭിച്ചതോ പ്രവർത്തിച്ചു വരുന്നതോ ആയ താഴെച്ചേർക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ നിലവിലുള്ളത് പുതുക്കുകയോ ചെയ്തിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ദീപ്തി ഡയഗ്നോസ്റ്റിക് സെന്റർ, കൂരോപ്പട |
| 2 | Mr Care ഡയഗ്നോസ്റ്റിക് സെന്റർ, ളാക്കാട്ടൂർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/19.12.2025) സമർപ്പിച്ച മറുപടിയിൽ, പരാമർശിത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള പ്രാദേശിക ഭരണകൂടം എന്ന നിലയിൽ, ആരോഗ്യസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അവ അടിയന്തിരമായി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 പെട്രോൾ പമ്പിന്റെ കെട്ടിട നിർമ്മാണ അനുമതി- പെർമിറ്റ് ഫീസിൽ കുറവ് വന്നത് 5686/- രൂപ

2024-25 വർഷം പെട്രോൾ പമ്പിന്റെ നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൻമേൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. ശ്രീ. പി. ആർ. മുരളീധരൻ പിള്ള 27-02-2025 ൽ സമർപ്പിച്ച അപേക്ഷയിൽ പെർമിറ്റ് ഫീസിനുള്ള **Proposed Built Up Area** കണക്കാക്കിയതിലും ഫീസ് നിരക്ക് കണക്കാക്കിയതിലും അപാകതയുള്ളതായി കാണുന്നു.

| | |
|---|---|
| അപേക്ഷകൻ | പി. ആർ. മുരളീധരൻ പിള്ള, പതാലിൽ |
| സർവ്വേ നം. | 318/3, 318/4-3 കൂരോപ്പട വില്ലേജ് |
| പഞ്ചായത്ത് ഫയൽ നം. | 1038/25 |
| **Proposed Bulit Up Area** | സെയിൽസ് കെട്ടിടം - 32.65 ച.മീ.<br>ടോയിലറ്റ് ബ്ലോക്ക് - 17 ച.മീ.<br>കനോപ്പി - 221 ച.മീ. ( 17*13)<br>ആകെ നിർമ്മാണ വിസ്തീർണ്ണം - 270.65 ച.മീ. |
| ആപ്ലിക്കേഷൻ ഫീസ് | 500/- 1240700412/27-02-2025 |
| പെർമിറ്റ് ഫീസ്/<br>രസീത് നം. | 13,260/- രൂപ (221 X 60 = 13260/-)<br>2500036/29-04-2025(K-SMART) |
| പെർമിറ്റ് | JC4-BA(138873)/2025 തീയതി 30-04-2025 |

മേൽപറഞ്ഞ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് 30-07-2024 ലെ സ.ഉ.(കൈ) നം.97/2024/LSGD ഉത്തരവ് പ്രകാരം 150 മുതൽ 300 വരെ ച.മീ. കെട്ടിട നിർമ്മാണത്തിനുള്ള "മറ്റുള്ളവ" എന്ന വിഭാഗത്തിൽ 60/- രൂപ നിരക്കിലാണ്. **Proposed Built Up Area** മുഴുവനായും കണക്കാക്കാതെ 221 ച.മീ. കനോപ്പി ഭാഗത്തിന് മാത്രമാണ് ഫീസ് കണക്കാക്കിയത്. സ്ഥല ഉടമ ലഭ്യമാക്കിയ **Proposed Plan** പ്രകാരം (LID & EW അംഗീകരിച്ചത്) നിർമ്മാണ പ്ലോട്ടിൽ കനോപ്പി ഏരിയയ്ക്ക് പുറത്താണ് സെയിൽസ് കെട്ടിടം, ടോയിലറ്റ് ബ്ലോക്ക് എന്നിവ എന്നാണ് കാണുന്നത്. ആയതിനാൽ ടി കെട്ടിടങ്ങളുടെ 49.65 ച.മീ. ക്ക് കൂടി പെർമിറ്റ് ഫീസ് കണക്കാക്കേണ്ടതായിരുന്നു. പെട്രോൾ/ഡീസൽ സംഭരിച്ച് വിൽപന നടത്തുന്ന ഉപയോഗത്തിനുള്ള കെട്ടിടം 150 മുതൽ 300 വരെ ച.മീ. കെട്ടിട നിർമ്മാണത്തിനുള്ള "വാണിജ്യാവശ്യം" എന്ന വിഭാഗത്തിൽ 70/- രൂപ നിരക്കിലായിരുന്നു പെർമിറ്റ് ഫീസ് കണക്കാക്കേണ്ടിയിരുന്നത്. അപ്രകാരം 270.65 ച.മീ. നിർമ്മാണത്തിന് 18,946/- രൂപ ഫീസ് ഈടാക്കേണ്ടതായിരുന്നു. വിസ്തീർണ്ണവും നിരക്കും കണക്കാക്കിയതിലെ അപാകത മൂലം 5,686/- രൂപ ഫീസിനത്തിൽ കുറവ് വന്നതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.28/2024-25/20-12-2025) നൽകിയതിന് മറുപടി ലഭിച്ചില്ല.



സമർപ്പിച്ച പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാൻ

പെർമിറ്റ് അനുവദിച്ചത് **2025-26** വർഷമായതിനാൽ **31-03-2026** ന് മുൻപായി ഫീസിനത്തിൽ കുറവ് വന്ന തുക പ്ലോട്ട് ഉടമയിൽ നിന്ന് ഈടാക്കി **Building Permit Fess** ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. തുകയുടെ ഒടുക്ക് വിവരം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-22 വിവിധ റവന്യൂ മുൻകൂറുകളുടെ വിശദാംശം സൂക്ഷിക്കാത്തതിനാൽ ക്രമീകരണ നടപടിയിൽ അവ്യക്തത

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്ന മുൻകൂറുകളുടെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**58(4)**(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. മുൻകൂറുകളുടെ വിശദാംശം (കൈപ്പറ്റിയവരുടെ വിവരം, തീയതി, ഉദ്ദേശ്യം തുടങ്ങിയവ) അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ പ്രസ്തുത മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയത് എന്നും ഏത് കാലയളവിൽ ഏതെല്ലാം ഉദ്ദേശ്യത്തിനാണ് എന്നുള്ളതും വ്യക്തമല്ല. **31-03-2025** ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ ശീർഷകം | അഡ്വാൻസ് രജിസ്റ്ററിലെ വിശദാംശം/റിമാർക്ക്സ് | തുക | അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി |
|---|---|---|---|---|
| **1.** | **Festival Advance** | മുന്നിരിപ്പ് **8,000/-** രൂപ വിശദാംശമില്ല, **4,000/-** രൂപ മഹേഷ് എസ്. നായർ, ടെക്നിക്കൽ അസിസ്റ്റന്റ് **2024-25** | **12,000/-** | ബിന്ദു കെ. സീനിയർ ക്ലാർക്കിന് **2022-23** ൽ നൽകിയ **8,000/-** രൂപ |
| **2.** | **Advance To Beneficiary Committee** | രൂപ ഏത് കൺവീനർക്ക് ഏത് പ്രവൃത്തിക്ക് നൽകിയത് എന്ന് വ്യക്തമല്ല | **2,00,000/-** | ജലനിധി പദ്ധതിക്ക് എന്ന് മാത്രം വ്യക്തമാക്കി |
| **3.** | **Advance To Implementing Officers** | കൃഷി ഓഫീസർക്ക് **20,000/-** രൂപ **2020-21** ലും **10,000/-** രൂപ **2022-23** ലും നൽകി. ഏത് പ്രോജക്ടിന് എന്നത് മുൻകൂറിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയിട്ടില്ല. | **30,000/-** | കണ്ടിജൻസി ചെലവുകൾക്ക് |
| **4.** | **Advance To NREGS** | **NREGS 3** ജീവനക്കാരുടെ ശമ്പളം മുൻകൂർ | **17,75,070/-** | തുടർ വർഷം റീക്കൂപ്പ് ചെയ്യുമെന്ന് അറിയിച്ചു |
| **5.** | **Advance To Others** | സാക്ഷരത പ്രേരക് **40%** ഹോണറേറിയം , | **13,77,812/-** | പ്രേരക് ഹോണറേറിയം മാത്രമാണോ എന്ന് വ്യക്തമല്ല. മറ്റ് മുൻകൂറും |

| | | | | |
|---|---|---|---|---|
| | | കാലയളവും തുകയുടെ കൃത്യതയും സാക്ഷ്യപ്പെടുത്തിയിട്ടില്ല | | ഉൾപ്പെടുന്നു |

നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റിന് നൽകിയ 4,000/- രൂപ ക്രമീകരിക്കാതെ തുടരുന്നതിന്റെ കാരണം വ്യക്തമല്ല. 17.75 ലക്ഷം രൂപ തൊഴിലുറപ്പ് മുൻകൂർ നിലനിൽക്കെ തൊഴിലുറപ്പ് അക്കൗണ്ടിൽ ലഭ്യമായിരുന്ന 27,388/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ നിലനിർത്തിയതിന്റെ കാരണവും വ്യക്തമല്ല. കൃത്യമായി വിശദാംശങ്ങൾ സൂക്ഷിക്കാതെ മേൽപറഞ്ഞ ചട്ടങ്ങളുടെ വ്യക്തമായ ലംഘനം തുടരുന്നതും മുൻകൂറുകളുടെ ക്രമീകരണത്തിൽ നിലനിൽക്കുന്ന അവ്യക്തതകളും മൂലം മേൽ വിവരിച്ച മുൻകൂറുകളുടെ ക്രമീകരണം അനിശ്ചിതത്വത്തിലാണ് എന്ന് കാണുന്നു. മുൻകൂറുകളുടെ ക്രമീകരണത്തിൽ നിലനിൽക്കുന്ന അവ്യക്തതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2024-25/16-12-2025) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ മുൻകൂറുകളുടെ ഭാഗിക വിവരങ്ങൾ മാത്രമാണുള്ളത്. മുൻകൂറുകളുടെ വിശദാംശം പൂർണ്ണമായും കണ്ടെത്തി മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻകൂറുകളുടെ പൂർണ്ണമായ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-23 നിർവ്വഹണ ഏജൻസികളിൽ നിൽക്കുന്ന 57 ലക്ഷം രൂപയുടെ വിശദാംശം ലഭ്യമല്ല

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകളുടെ വിശദാംശം 2024-25 അഡ്വാൻസ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/ വാർഡ്(Location), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതും പ്രവൃത്തികളുടെ 31-03-2025 വരെയുള്ള നിർവ്വഹണ പുരോഗതി (Implementation Status) പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങളുടെ അഭാവത്തിൽ ടി പ്രവൃത്തികൾക്ക് ഏതെല്ലാം വർഷങ്ങളിൽ നിക്ഷേപിച്ച തുകയാണ് എന്നതിൽ വ്യക്തതയില്ല. ധനകാര്യ പത്രികയിൽ 01-04-2024 ൽ മുന്നിരിപ്പ് ഉണ്ടായിരുന്ന നിക്ഷേപ പ്രവൃത്തി തുകയുടെ വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | നിക്ഷേപം തുക |
|---|---|---|
| 1. | കെ.എസ്.ഇ.ബി. | 47,61,504/- |
| 2. | ഭൂജല വകുപ്പ് | 22,11,423/- |
| 3. | ക്രമീകരിക്കാതെ തുടരുന്ന മുൻവർഷങ്ങളിലെ നിക്ഷേപം | 56,96,757/- |

GWD-യിൽ നിന്ന് 87,927/- രൂപ തൻവർഷം തിരിച്ചടവാക്കിയത് ഏത് പ്രവൃത്തി നടക്കാതിരുന്നത് മൂലമാണ് എന്ന് അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശം രേഖപ്പെടുത്താതിരുന്നതിനാൽ വ്യക്തമാകുന്നില്ല. മേൽ പട്ടികയിൽ പ്രതിപാദിച്ച നിക്ഷേപങ്ങൾ നടത്തിയതിന് ശേഷം പ്രവൃത്തികളുടെ പുരോഗതി വിവരം പഞ്ചായത്ത് അധികൃതർ പരിശോധിക്കുന്നില്ല എന്നാണ് വിശദാംശം സൂക്ഷിക്കാതെ തുടരുന്ന നടപടിയിൽ നിന്ന് വ്യക്തമാകുന്നത്. പ്രവൃത്തികൾ തുടങ്ങിയോ എന്നത് പോലും വ്യക്തതയില്ലാത്ത അവസ്ഥയാണ്. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിലെ അപാകതയ്ക്കും മേൽപറഞ്ഞ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും വ്യക്തമായ ലംഘനത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2024-25/16-12-2025) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല

നിക്ഷേപ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും (ഖണ്ഡികയുടെ ആദ്യ ഭാഗത്ത് നിർദ്ദേശിച്ചത്) ചേർത്ത് അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും പ്രവൃത്തി പൂർത്തിയാകുമ്പോൾ ധനവിനിയോഗ വിവരവും

ക്രമീകരണ വൗച്ചറും മുന്നിരിപ്പ് വിശദാംശത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിലെ മുന്നിരിപ്പ് വിവരം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി, ആർജ്ജിതാവധി സറണ്ടർ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന കരാർ ജീവനക്കാരുടെ ആർജ്ജിതാവധി, ആർജ്ജിതാവധി, സറണ്ടർ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

1.ശ്രീ .മഹേശ് എസ്സ്.നായർ, ടെക്നിക്കൽ അസ്സിസ്റ്റന്റ്

| | |
|---|---|
| വൗച്ചർ നം | **22401267** |
| ചെലവിനം | ടെക്നിക്കൽ അസ്സിസ്റ്റന്റിന് ആർജ്ജിതാവധി സറണ്ടർ നല്കിയത് |
| ചെലവ് | **15497/-** |
| ചെക്ക് നം, തീയതി | **859973/26-03-25** |

മേൽ വൗച്ചർ പ്രകാരം **15497/-**രൂപ ശ്രീ .മഹേശ് എസ്സ്.നായർ, ടെക്നിക്കൽ അസ്സിസ്റ്റന്റിന് ആർജ്ജിതാവധി, സറണ്ടർ നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട് **01-09-2015** മുതൽ ടി ടെക്നിക്കൽ അസ്സിസ്റ്റന്റ് സേവനം ചെയ്യുന്നു എന്നാണ് സേവന പുസ്തകപരിശോധനയിൽ കാണുന്നത്. ആർജ്ജിതാവധി, കണക്കുകൾ/സറണ്ടർ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ശ്രീമതി.മഞ്ചു.എം,എം, ഹെൽത്ത് ഇൻസ്പെക്ടർ

| | |
|---|---|
| വൗച്ചർ നം | **22401304** |
| ചെലവിനം | ഹെൽത്ത് ഇൻസ്പെക്ടർക്ക് ആർജ്ജിതാവധി, സറണ്ടർ നല്കിയത് സംബന്ധിച്ച് |
| ചെലവ് | **12260/-** |
| ചെക്ക് നം, തീയതി | **39243/28-03-25** |

മേൽ വൗച്ചർ പ്രകാരം **12260/-**രൂപ ശ്രീമതി മഞ്ചു എം,എം, ഹെൽത്ത് ഇൻസ്പെക്ടർക്ക് ആർജ്ജിതാവധി, സറണ്ടർ നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട് **19-03-24** മുതൽ സേവനം ചെയ്യുന്ന ടി എച്ച്.ഐ യടെ ആർജ്ജിതാവധി, കണക്കുകൾ/സറണ്ടർ സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല..

3. ശ്രീമതി. ദേവിക കെ.എസ്, പ്രോജക്റ്റ് അസ്സിസ്റ്റന്റ്

| | |
|---|---|
| വൗച്ചർ നം | **22401319** |
| ചെലവിനം | പ്രോജക്റ്റ് അസ്സിസ്റ്റന്റിന് ആർജ്ജിതാവധി, സറണ്ടർ നല്കിയത് |
| ചെലവ് | **9017/-** |
| ചെക്ക് നം, തീയതി | **39244/29-03-25** |

മേൽ വൗച്ചർ പ്രകാരം **9017/-**രൂപ ശ്രീമതി ദേവിക കെ.എസ്, പ്രോജക്റ്റ് അസ്സിസ്റ്റന്റിന് ആർജ്ജിതാവധി, സറണ്ടർ നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. **22-08-22** മുതൽ സേവനം ചെയ്യുന്ന ടി ജീവനക്കാരിയുടെ ആർജ്ജിതാവധി, കണക്കുകൾ/സറണ്ടർ സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി **19-12-25** ൽ ഓഡിറ്റ് എൻക്വയറി (നം **12, 13, 14**) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിലെ വീടുകളുടെ വിവരശേഖരണം-ചെലവ് വിവരം ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നം | 1.) 22400154<br>2.)22400365<br>3.)22400747 |
| ചെലവിനം | 4, 7, 13, 12 വാർഡുകളിൽ വസ്തുനികുതി പരിഷ്ക്കരണത്തിനായി വിവരശേഖരണം നടത്തിയതിനു നല്കിയ തുക |
| ചെലവ് | 1.)29925/-<br>2.)12075/-<br>3.)16725/-<br>ആകെ – 58725/- |
| ചെക്ക് നം,തീയതി | 1.)493481/28-05-24<br>2.)781428/17-08-24<br>3.)SBI E-Pay – 077942/20-12-24 |

മേൽ വൗച്ചറുകൾ പ്രകാരം 4,7,13,12വാർഡുകളിൽ വസ്തുനികുതി പരിഷ്ക്കരണത്തിനായി വിവരശേഖരണം നടത്തിയ ശ്രീമതി ഇന്ദു രാധാകൃഷ്ണന് 58725/- രൂപ പ്രതിഫലമായി നല്കിയിട്ടുണ്ട്. 4,7 വാർഡുകളിലായി 1197 വീടുകളുടേയും വാർഡ് 13 ൽ 483 വീടുകളുടേയും വിവരശേഖരണം നടത്തിയതായി നോട്ട് ഫയലിൽ കാണുന്നുണ്ട്.' ടി ചെലവുമായി ബന്ധപ്പെട്ട മറ്റുവിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 17/19-12-25) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 58725/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഡിജി കേരളം സർവ്വെ നടത്തിയതിന് പ്രതിഫലം നല്കിയത്-ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| വൗച്ചർ നം | 22401270 |
| ചെലവിനം | ഡിജി കേരളവുമായിബന്ധപ്പെട്ട് സർവ്വെ നടത്തിയതിന് നല്കിയതുക |
| ചെലവ് | 39600/- |
| ചെക്ക് നം/തീയതി | 39241/27-03-25 |

മേൽ വൗച്ചർ പ്രകാരം ഡിജി കേരളവുമായി ബന്ധപ്പെട്ട് സർവ്വെ നടത്തിയതിന് 39,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കന്നതിനായി ഓഡിറ്റ് എൻക്വയറി (നം.22/20-12-25) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 39600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കുഴൽകിണർ നിർമ്മാണവും മോട്ടറും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും- പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

2024-25 വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും എന്ന പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/ വാർഡ്(Location), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതായിരുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ

ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തേതും മുൻ വർഷങ്ങളിലേതും ഉൾപ്പടെ ധാരാളം പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതായും ധനകാര്യ പത്രികയിൽ കാണുന്നു. തുക നിക്ഷേപിച്ച ശേഷം നിക്ഷേപ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് സമഗ്രമായി സൂക്ഷിക്കുകയോ ഫീൽഡ് പരിശോധന നടത്തി പ്രവൃത്തികളുടെ പുരോഗതി വിവരം സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തൻവർഷം നിക്ഷേപിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് ലൊക്കേഷൻ | ചെലവ് വിശദാംശം,ഫണ്ടിനം | നിക്ഷേപ തുക | എസ്റ്റിമേറ്റ് നം.തുക |
|---|---|---|---|---|
| **133/25** | എംസിഎഫിലേക്ക് കുഴൽകിണർ നിർമ്മാണവും മോട്ടോർസ്ഥാപിക്കലും | **192/4.12.24-** രൂപ **61377/-** **363/6.2.25** – രൂപ **138623/-** ധനകാര്യകമ്മീഷൻ ഗ്രാന്റ് | **200000/-** | **GWK/1268/2024** തീയതി **6.11.24** **GWK/1286/2024** തീയതി **1.2.25** |
| **203/25** | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും | **288/17.1.25-** രൂപ **158644/-** **451/5.3.25-** രൂപ **637556/-** ധനകാര്യകമ്മീഷൻ ഗ്രാന്റ് | **796200/-** | **GWK/125/2023** തീയതി **6.1.24-811000/-**(വാർഡ് **3** ഹൗസിംഗ് കോളനി, അങ്കണവാടി വാർഡ് **13**, വാർഡ് **17**) |
| **123/25** | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും മോട്ടോറും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും | **468/7.3.25-**രൂപ **2373906** **547/20.3.25-** രൂപ **32895** ധനകാര്യകമ്മീഷൻ ഗ്രാന്റ് | **2406801/-** | **GWK/1890/2024** തീയതി **28.2.25-3011462** (**18**സ്ഥലങ്ങളിൽ) |
| ആകെ | | | **3403001/-** | |

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണവും പൂർത്തീകരണവും നിരീക്ഷിക്കാതെയും പ്രവൃത്തികളുടെ കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കാതെയും തുടരുന്ന അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് **(നം.11/19.12.25).** ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായാലുടൻ പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ **3403001/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ നിക്ഷേപ പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും നിരീക്ഷിക്കുന്നില്ല

**2024-25** വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്ക് **KSEB Ltd.**-ൽ തുക നിക്ഷേപിച്ചിട്ടുണ്ട്. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**58(4)(ഡി)** പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/വാർഡ്(**Location**), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതായിരുന്നു. **10-03-2023** ലെ സ.ഉ.(കൈ) നം.**45/2023**/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തേതും മുൻ വർഷങ്ങളിലേതും ഉൾപ്പടെ ധാരാളം പ്രവൃത്തികൾ പൂർത്തിയാകാനുള്ളതായും ധനകാര്യ പത്രികയിൽ കാണുന്നു. തുക നിക്ഷേപിച്ച ശേഷം നിക്ഷേപ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് സമഗ്രമായി സൂക്ഷിക്കുകയോ ഫീൽഡ് പരിശോധന നടത്തി പ്രവൃത്തികളുടെ പുരോഗതി വിവരം സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തൻവർഷത്തെ നിക്ഷേപ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് വിശദാംശം,ഫണ്ടിനം | നിക്ഷേപിച്ച തുക | നിക്ഷേപിച്ച സ്ഥലം |
|---|---|---|---|---|
| S0252/25 | ഇഞ്ചിപ്പറമ്പ്-റോഡിലും ചേന്നനാം പൊയ്ക കുന്നുക്കാട്ട് തീപ്പെട്ടി കമ്പനി റോഡിലും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ് 13) | 644/27.3.25-രൂപ 194946/ തനത് ഫണ്ട് | 194946 | ഇലക്ട്രിക്കൽ സെക്ഷൻ കൂരോപ്പട |
| S0262/25 | 5-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 645/27.3.25-രൂപ 94408/- തനത് ഫണ്ട് | 94408 | ഇലക്ട്രിക്കൽ സെക്ഷൻ കൂരോപ്പട |
| S0259/25 | ചീരംചേമ്പ്-തുറുമ്പുങ്കൽപടി റോഡ് സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ(വാർഡ് 12) | 484/12.3.25- രൂപ 79934/- തനത് ഫണ്ട് | 79934 | ഇലക്ട്രിക്കൽ സെക്ഷൻ കൂരോപ്പട |
| S0127/25 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ(വാർഡ് 6,8,12) | 179/23.11.24- രൂപ 235277/- 553/21.3.25- രൂപ 70253/- 382/10.2.25- രൂപ 47760/- തനത് ഫണ്ട് | 353290 | ഇലക്ട്രിക്കൽ സെക്ഷൻ കൂരോപ്പട |
| S0254/25 | പുതുവയൽ -തോട്ടുങ്കൽ റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 552/21.3.25-രൂപ 74678/- തനത് ഫണ്ട് | 74678 | ഇലക്ട്രിക്കൽ സെക്ഷൻ പാമ്പാടി |
| | | ആകെ | 797256 | |

മേൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/19.12.25) മറുപടിയായി കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചു.പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 797256/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവ് രേഖപ്പെടുത്തിയതിലും അപാകം-

| | |
|---|---|
| പ്രോജക്ട് /നമ്പർ | വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, 235/25 |
| കരാറുകാരൻ | തമ്പി തോമസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം(വകയിരുത്തിയത്) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 129182/-<br>തനത് ഫണ്ട് 270818/- |

| | |
|---|---|
| | ആകെ 400000/- |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 129182/-<br>(ബിൽ നം 658/28-03-2025)<br>തനത് ഫണ്ട് 270818/-, (ചെക്ക് നം 859991/29-3-25 SBI)<br>ടെണ്ടർ എക്സസ് 34281/- (തുക നല്കിയിട്ടില്ല)<br>ആകെ 434281/- |

പഞ്ചായത്തിലെ 17 സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ച് പൊതുജനങ്ങൾ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് നിർമാർജ്ജനം ചെയ്യുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും 9.5% ടെണ്ടർ അധിക നിരക്കിൽ ശ്രീ. തമ്പി തോമസ് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 14-03-2025 ൽ സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ 27-03-2025 ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം മൈൽഡ് സ്റ്റീൽ സെക്ഷനുകൾ (MS Flat, 5mm Square Rod, MS Angle, MS Sheet 0.5mmമുതലായവ) ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടിയിരുന്നത്. എന്നാൽ നിർവ്വഹണ സമയത്ത് 5mm Square Rod ഒഴിവാക്കി MSMesh ആക്കിയിട്ടുണ്ട്.


ബോട്ടിൽ ബൂത്ത്

പ്രവൃത്തിയുടെ ഇനം 1.001 ആയി ചെയ്തത് ബോട്ടിൽ ബൂത്തിനാവശ്യമായ മൈൽഡ് സ്റ്റീൽ ഉപയോഗിച്ചുള്ള പ്രവൃത്തികളായിരുന്നു. അളവ് പുസ്തക പ്രകാരം 1173.385 കിലോഗ്രാം മൈൽഡ് സ്റ്റീൽ ഉപയോഗിച്ചതിൽ 272 കി ഗ്രാം വലയും (MESH) 901.385 കി ഗ്രാം MS Flat & Sheet നും ആണ് ഉപയോഗിച്ചിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ഉപയോഗിച്ച സാധനങ്ങളുടെ തൂക്കവും പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ഉപയോഗിച്ച സാധനത്തിന്റെ തൂക്കവും ചുവടെ ചേർക്കുന്നു.

| ക്ര നം | ഇനം | അളവ് പുസ്തക പ്രകാരമുള്ള തൂക്കം(KG) | അപാകതകൾ ഒഴിവാക്കിയുള്ള തൂക്കം ( വിശദാംശങ്ങൾ പ്രത്യേകം ചേർത്തു) (KG) |
|---|---|---|---|
| 1 | MESH (MS) 72.262 Square Metre,3.77 Kg/ M2 | 272.427 | 272.427 |
| 2 | MS Flat 25x4 Mm (462.06 M),1.2 Kg/M | 554.472 | 365.027 |
| 3 | MS Sheet(1mm Thick) (20.86 Sqm),7.4 Kg/M2 | 154.364 | 73.010 |
| 4 | MS Sheet (0.5mm Thick) (54.4 Sqm ),3.5 Kg/M2 | 190.400 | 1.900 |
| 5 | Hinges 17 Nos | 1.720 | 1.720 |

| | | | |
|---|---|---|---|
| | ആകെ | 1173.385 | 714.084 |

- ക്ര നം 1 പ്രകാരം ഉപയോഗിച്ചിട്ടുള്ള MESH (MS) സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കിയതിൽനിന്നും വ്യത്യസ്തമായ സാധനമാണ് നിർമ്മാണത്തിന് ഉപയോഗിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ആയതിന്റെ കൃത്യമായ തൂക്കം നിർണ്ണയിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- ക്ര നം 2 പ്രകാരം ഉപയോഗിച്ചിട്ടുള്ള 462.06 മീറ്റർ MS Flat ന് 0.79/M തൂക്കമാണുള്ളത് (തൂക്കം നിർണ്ണയിക്കുന്നതിന് 25x6 Mm MS Flat Piece ആണ് ഹാജരാക്കിയതെന്നും അതിനാലാണ് അളവ് പുസ്തകത്തിൽ 1.2kg/M എന്ന് ചേർത്തതെന്നും, എന്നാൽ കരാറുകാരൻ ബോട്ടിൽ ബൂത്തിൽ ഉപയോഗിച്ചത് 25x4 Mm MS Flat ( 0.79/M തൂക്കമുള്ളത് ) ആണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ആയത് പ്രകാരമുള്ള യഥാർത്ഥ തൂക്കം 365.03 Kg ആണ് (462.06x 0.79).
- ക്ര നം 3 പ്രകാരം പ്രകാരം ഉപയോഗിച്ചിട്ടുള്ള MS Sheet (1 Mm Thick) ,സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കിയതിൽനിന്നും വ്യത്യസ്തമായതാണ് നിർമ്മാണത്തിന് ഉപയോഗിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ഉപയോഗിച്ച ഷീറ്റിന്റെ തൂക്കം നിർണ്ണയിക്കാൻ കഴിഞ്ഞില്ല. എന്നാൽ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നത് 0.5mm Thick, 3.5 Kg/M2 തൂക്കമുള്ള ഷീറ്റ് ആയതിനാൽ 20.86 ച മീറ്ററിന് 73.01 Kg മാത്രമാണ് അനുവദനീയമായിട്ടുള്ളത്.
- ക്ര നം 4 പ്രകാരം ഉപയോഗിച്ചിട്ടുള്ള MS Sheet 3.5/Kg തൂക്കമുള്ളത് 170 എണ്ണം ബോട്ടിൽ ബൂത്തിന്റെ സ്റ്റാന്റിന്റെ END CAP ആയി ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ അളവ് രേഖപ്പെടുത്തിയതിൽ അപാകത ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ പട്ടിക ആയി ചേർക്കുന്നു.

| | |
|---|---|
| MS Sheet 3.5/Kg തൂക്കമുള്ളത് 170 എണ്ണം MB പ്രകാരം<br>170x0.4x0.8x3.5 | 190.40 Kg |
| യഥാർത്ഥത്തിൽ ഉപയോഗിച്ചത്<br>170x0.04x0.08x3.5 | 1.904 Kg |
| തെറ്റായി കണക്കാക്കിയത് മൂലമുള്ള അധിക തൂക്കം | 188.496 Kg |

അളവ് പുസ്തകത്തിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായ സാധനം പ്രവൃത്തിക്ക് ഉപയോഗിച്ചതിനാലും അളവ് പുസ്തകത്തിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ തെറ്റ് വന്നതിനാലും പ്രവൃത്തിക്ക് ഉപയോഗിച്ച മൈൽഡ് സ്റ്റീലിൽ 459.30 കി ഗ്രാം തൂക്കത്തിൽ കുറവുള്ളതായി കാണുന്നു. ആയത് മൂലം കരാറുകാരന് അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക<br>1173.385 കി ഗ്രാമിന് 214.41 രൂപ പ്രകാരം (എസ്റ്റിമേറ്റ് തുകയായ 195.81 നോട് കൂടി 9.5 % ടെണ്ടർ എക്സസ് ഉൾപ്പെടെ ) | 251585.48 +45285.38(GST)=296870.86 |
| നല്കാവുന്ന തുക<br>714.084കി ഗ്രാമിന് 214.41 രൂപ പ്രകാരം | 153106.75+27559.22(GST)=180665.97 |
| അധികം നല്കിയത് | 98478.73+17726.17(GST)=116204.90<br>Say =116205/- |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 07/18-12-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ കരാറുകാരൻ എത്തിച്ച് നല്കിയ സാമ്പിൾ പ്രകാരമാണ് തൂക്കം കണക്കാക്കിതെന്നും വർഷാവസാന തിരക്ക് മൂലം അപാകതകൾ ശ്രദ്ധയിൽപ്പെട്ടില്ല എന്നും അറിയിച്ചു. ഇനം 1.001 പ്രകാരമുള്ള പ്രവൃത്തിക്ക് തെറ്റായ ഡാറ്റാ പ്രകാരം നിരക്ക് നിർണ്ണയിച്ചതിനാൽ 116205/- രൂപ അധികം നല്കിയത് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. കൂടാതെ ക്രമ നം. 1 പ്രകാരം ഉപയോഗിച്ചിട്ടുള്ള MESH (MS) അളവ് പുസ്തകവുമായി വ്യത്യാസമുള്ളതിനാലും കൃത്യമായ തൂക്കം നിർണ്ണയിക്കാൻ കഴിയാത്തതിനാലും പുന പരിശോധിച്ച് യഥാർത്ഥ തൂക്കം കണക്കാക്കി നല്കിയ തുക ക്രമീകരിക്കേണ്ടതും, പ്രവൃത്തിയുടെ ഗുണ

നിലവാരത്തിലുണ്ടായ അപാകം പരിഹരിക്കേണ്ടതുമാണ്.

## 1-30 തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി-കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട്/നമ്പർ | 12-ാ വാർഡിലെ അങ്കണവാടികളുടെ മെയിന്റനൻസ്, 106/2-25 |
| കരാറുകാരൻ | ജെയിൻ പി ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | റോഡിതര മെയിന്റനൻസ് ഗ്രാന്റ്, 244200/- |
| ചെലവ് | 244200/-(ബിൽ നം തീ 78/22-3-25)<br>15131/- ടെണ്ടർ എക്സസ് (2025-26ൽ നൽകി ) |
| എസ്റ്റിമേറ്റ് നമ്പർ | 88360/2024 |

12-ാ വാർഡിലെ ഝാൻസി അങ്കണവാടിയുടെ കോമ്പൗണ്ട് വാൾ നിർമ്മാണത്തിന്റെ ഭാഗമായി ഇനം 2 ആയി ചെയ്തിട്ടുള്ളത് 4.571 ഘന മീ സോളിഡ് ബ്ലോക്ക് വർക്ക് ആയിരുന്നു . ഒബ്സേർവ്ഡ് ഡാറ്റാ 50.6.2.3 പരിശോധിച്ചതിൽ 30x20x15 സെ മീ സോളിഡ് ബ്ലോക്ക് 2 നിലക്ക് മുകളിലും 5 നില വരെയും പണി നടത്തുമ്പോൾ നല്കേണ്ട നിരക്കാണ് എന്ന് കാണുന്നു. അളവ് പുസ്തക പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ നടന്ന പ്രവൃത്തികൾക്ക് നല്കാവുന്നത് 50.6.2.2 പ്രകാരം 2 നിലവരെയുള്ള പ്രവൃത്തികൾക്ക് നല്കാവുന്ന നിരക്കാണ്. തെറ്റായ ഡാറ്റാ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 50.6.2.3 ഡാറ്റാ പ്രകാരം 1 ഘന മീ 8808.99 രൂപ പ്രകാരം 4.571 ഘ മീ നല്കിയ തുക. (അടിസ്ഥാന നിരക്കായ 8008.17 നോട് കൂടി 10% ടെണ്ടർ എക്സസ് ഉൾപ്പെടുത്തിയ തുക) | 40265.89+7247.86 (GST) =47513.75 |
| 50.6.2.3 ഡാറ്റാ പ്രകാരം 1 ഘന മീ 8205.95 രൂപ പ്രകാരം 4.571 ഘ മീറ്ററിന് നല്കാവുന്ന തുക. (അടിസ്ഥാന നിരക്കായ 7459.95 നോട് കൂടി 10% ടെണ്ടർ എക്സസ് ഉൾപ്പെടുത്തിയ തുക) | 37509.39+6751.69 (GST) =44261.08 |
| അധികം നല്കിയത് | 3252.67 രൂപ |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 08/17-12-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കരാറുകാരൻ അധിക തുക തിരിച്ചടക്കാൻ സന്നദ്ധനാണെന്ന് അറിയിച്ചതായി മറുപടി നല്കി. തുക കരാറുകാരനിൽ നിന്നും തിരിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനെൻസ് തുക വകയിരുത്തൽ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 234/25 |
| പ്രോജക്റ്റ് | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനെൻസ് തുക വകയിരുത്തൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| അടങ്കൽ | 40646/- (ജനറൽ) |
| ചെലവ് | 40646/- |
| ബിൽ നം | 24081252004201145747/08-01-25 |

ടി പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ജസ്വിൻ ജോസഫ്, ജോസ്വിൻ ആന്റോ റോയ് എന്നീ രണ്ട് കുട്ടികൾക്കായി കെ.എസ്.എസ്.എം നു **2023-24** വർഷം കൈമാറിയ **100000**/-രൂപയിൽ തൻവർഷം ചെലവഴിച്ച തുകയായ **61939.50** രൂപയിൽ ബാക്കി തുകയായ **38060.50** രൂപ നിർവ്വഹണ ഏജൻസിയുടെ പക്കൽ ശേഷിക്കുന്നതിനാൽ **2024-25** വർഷം കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി ഈ രണ്ടു ഗുണഭോക്താക്കൾക്കായി ചെലവായ ഇൻവോയ്സ് പ്രകാരമുള്ള ആകെ തുകയായ **78706.8(46953+31753.80)** രൂപയിൽ നിന്നും **38060.50** രൂപ കിഴിച്ചുള്ള ബാക്കി തുകയായ **40646/-** പ്ലാൻ ഫണ്ടിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി( നം. **4/17-12-25)** നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും യൂസർ ഐ.ഡി., പാസ്സ് വേഡ് ഇവ ലഭിച്ചു എങ്കിലും ഡേറ്റ ലഭിക്കാത്തതിനാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി ബന്ധപ്പെട്ടപ്പോൾ ഹോസ്പ്പിറ്റലിൽ നിന്നും തുക ക്ലെയിം ചെയ്താൽ മാത്രമെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുകയുള്ളു എന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തിനാൽ **40646/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-32 ഭവന പുനരുദ്ധാരണം - മുൻ വർഷം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

**2023-24** വർഷം **12/24** നമ്പരായി ആവിഷ്കരിച്ച ജനറൽ വിഭാഗം ഭവന പുനരുദ്ധാരണം എന്ന പ്രോജക്ട് സ്പിൽ ഓവറായി തൻവർഷം (പ്രോജക്ട് നം.**196/25**) തുടർന്നിരുന്നു. ആകെ **46** ഗുണഭോക്താക്കളിൽ **3** പേർ **2023-24** വർഷം **20,000/-** വീതം മുൻകൂർ കൈപ്പറ്റിയെങ്കിലും **2024-25** വർഷത്തിലും പ്രവൃത്തി പൂർത്തീകരിക്കാതെയും അവസാന ഗഡു കൈപ്പറ്റാതെയും തുടരുന്നതായി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ (കോത്തല) പ്രോജക്ട് അക്വിറ്റൻസ് രജിസ്റ്ററിൽ കാണുന്നു. ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ്/ വീട് നം. | കരാർ തീയതി | മുൻകൂർ കൈപ്പറ്റിയ ധനസഹായം /തീയതി |
|---|---|---|---|---|
| **1.** | ബിജു പി. ഒ, പാലക്കുഴിയിൽ | **XI/340** | **20-12-2023** | **20,000/-** **04-03-2024** |
| **2.** | രാധാകൃഷ്ണൻ സി. ഡി., മുളയ്ക്കൽ | **XVII/405** | **13-10-2023** | **20,000/-** **25-01-2024** |
| **3.** | മായ വിജയൻ, നെടുംപറമ്പിൽ | **IV/43** | **11-10-2023** | **20,000/-** **25-01-2024** |

**2023-24** വർഷം ഭവന പുനരുദ്ധാരണത്തിന് കരാർ ചമച്ച് മുൻകൂർ കൈപ്പറ്റി **2** വർഷത്തോളമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം വ്യക്തമല്ല. മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിന്റെ നിലവിലെ അവസ്ഥ, പ്രോജക്ട് പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ, രേഖാമൂലം അറിയിക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.**15/19-12-2025)** നൽകിയതിന് ക്രമ നം.**2** ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതായും വാല്യുവേഷൻ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നും മറ്റ് **2** ഗുണഭോക്താക്കൾക്ക് പ്രവൃത്തി പൂർത്തിയാക്കാൻ നോട്ടീസ് നൽകി എന്നും പൂർത്തിയായ ശേഷം ധനസഹായം അനുവദിക്കുമെന്നും മറുപടിയിൽ അറിയിച്ചു. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ലൈഫ് മിഷൻ പദ്ധതി-അവലോകനം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിൽ **2024-25** വർഷം **5** പ്രോജക്ടുകൾ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വിഭാഗം | ആകെ ചെലവ് | 31-03-2025 വരെയുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 54/25 | പട്ടികവർഗ്ഗം | 240,000/- | 4 , പൂർത്തിയായത് - 1<br>ദീർഘകാല പെന്റിങ്ങ് – 2 |
| 194/25(SO)<br>52/25 | പട്ടികജാതി | 270,000/-<br>1,590,000/- | 12 പേർ, പൂർത്തിയായത് - 5<br>ദീർഘകാല പെന്റിങ്ങ് – 4 |
| 195/25(SO)<br>51/25 | പൊതുവിഭാഗം | 667,507/-<br>11,139,133/- | 74 (2024-25 ലെ 30 ഉൾപ്പടെ)<br>ദീർഘകാല പെന്റിങ്ങ് – 1 |
| | ആകെ | 13,906,640/- | |

ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം 1.39 കോടി രൂപ ചെലവഴിച്ചു. ഭവന നിർമ്മാണം ഇനിയും പൂർത്തിയാകാനുള്ളവരുടെ നിർമ്മാണ പ്രവൃത്തികൾ തുടർവർഷം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും പൂർത്തിയാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ദീർഘകാലമായി പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷൻ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വിഭാഗം | വാർഡ് | കരാർ തീയതി | കൈപ്പറ്റിയ ധനസഹായം/തീയതി |
|---|---|---|---|---|---|
| 1. | സുമതി,<br>പവ്വത്തിൽ | പൊതുവിഭാഗം | XV | 25-02-2023 | 40,000/-<br>18-05-2023 |
| 2. | സതീശൻ കെ. ജി.,<br>കോത്തരാമല | പട്ടികജാതി | II | 30-12-2022 | 40,000/-<br>15-03-2023 |
| 3. | നീതു റ്റി. ദേവ്,<br>പുതുപ്പറമ്പിൽ | പട്ടികജാതി | II | 15-02-2022 | 2.6 ലക്ഷം<br>18-01-2022 വരെ |
| 4. | സിജു സി. മോഹൻ,<br>ചൂരനാനിയിൽ | പട്ടികജാതി | XIII | 01-01-2022 | 1.4 ലക്ഷം<br>16-03-2023 വരെ |
| 5. | അനീഷ് കെ. രാഘവൻ<br>ചാക്കാറ | പട്ടികജാതി | XVI | 14-09-2021 | 2.8 ലക്ഷം<br>09-12-2022 വരെ |
| 6. | രാജു പി. കെ.,<br>പറയരുതോട്ടം | പട്ടികവർഗ്ഗം | XVII | 07-03-2023 | 40,000/-<br>24-03-2023 ൽ |
| 7. | ശ്യാമ എസ്.<br>മണിമന്ദിരം | പട്ടികവർഗ്ഗം | XVI | 25-01-2023 | 40,000/- രൂപ<br>17-03-2023 ൽ |

ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതിക്ക് അതാത് വാർഡ് മെമ്പർ മുഖേന തുടർ നടപടി സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനുള്ള പ്രോജക്ടും (നം.79/25) തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 45 ഗുണഭോക്താക്കൾക്ക് 15,400/- രൂപ വീതം ആകെ 6.93 ലക്ഷം രൂപ പ്രോജക്ട് പ്രകാരം ധനസഹായം നൽകി.

ലൈഫ് ഭവനങ്ങളുടെ വിവരങ്ങൾ, കാലപ്പഴക്കം എന്നിവ Building Certificate ൽ ലഭ്യമാകത്തക്ക വിധം വസ്തുനികുതി ഡേറ്റാബേസിൽ K-SMART ൽ ചെയ്യാനുള്ള നടപടി IKM മുഖേന സ്വീകരിക്കേണ്ടതാണ്. ഭവനങ്ങളിൽ പഠനമുറി, ടോയ്‌ലെറ്റ് തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്ത് ധനസഹായം നൽകുമ്പോൾ അതത് വീട് നമ്പറിൽ Status Updation ക്രമീകരണങ്ങളും ചെയ്യുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർ വർഷങ്ങളിൽ ലൈഫ് മിഷൻ ധനസഹായം നിരീക്ഷിക്കുന്നതിന് നിശ്ചിത മാതൃകയിൽ പ്രിന്റ് ചെയ്ത ലൈഫ് മിഷൻ രജിസ്റ്റർ ഗുണഭോക്താക്കളുടെ ഇൻഡെക്സോടു കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 ദേശീയ തൊഴിലുറപ്പ് പദ്ധതി - ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളുടെ സാധനം വാങ്ങലിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് /നമ്പർ | കരിമ്പന്നൂർ- ഉറുമ്പിൽപ്പടി -നടപ്പാത കോൺക്രീറ്റിംഗ് ,<br>വർക്ക് കോഡ് RC/390246 |
| മെറ്റീരിയൽസ്, കരാറുകാരൻ | രാജൻ വർഗ്ഗീസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ,NREGA |
| എസ്റ്റിമേറ്റ് തുക | 118200 |
| ചെലവ് | അവിദഗ്ധ തൊഴിലാളി-2076/-<br>വിദഗ്ധ തൊഴിലാളി-11586.79<br>മെറ്റീരിയൽ -91546/- (നല്കിയില്ല)<br>ആകെ-105208/- |

ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ സാങ്കേതിക അനുമതി ലഭിച്ച കരിമ്പന്നൂർ-ഉറുമ്പിൽപ്പടി -നടപ്പാത കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി 2024-25 വർഷത്തിലാണ് നടപ്പാക്കിയത്. വിദഗ്ധ/അവിദഗ്ധ തൊഴിലാളികളുടെ കൂലി തൻവർഷം നല്കിയെങ്കിലും സാധനങ്ങളുടെ വില കരാറുകാരനായ ശ്രീ.രാജൻ വർഗ്ഗീസിന് നല്കിയിട്ടില്ല. ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിക്കാവശ്യമായ സാധനം ആവശ്യമായ അളവിൽ വാങ്ങിയില്ല

എസ്റ്റിമേറ്റ് പ്രകാരം 36.18 നീളം 2.45 മീ വീതി 15 സെന്റീ മീറ്റർ കനത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുകയായിരുന്നു പ്രവൃത്തി. ഇതിനായി 40mm മുതൽ 10mm വരെ സൈസിലുള്ള മെറ്റൽ (ഗ്രേഡഡ് മെറ്റൽ) ആണ് ഉപയോഗിച്ചിട്ടുള്ളത്. അളവ്പുസ്തക പ്രകാരം 7.2961 ഘനമീറ്റർ 40mm മെറ്റൽ ആണ് വാങ്ങി സ്റ്റാക്ക് ചെയ്തിട്ടുള്ളത്. ഇതിന് 1941.45/M3 നിരക്കിൽ 14165/- രൂപ കരാറുകാരന് നല്കാനുണ്ട്. CPWD സ്പെസിഫിക്കേഷൻ കോഡ് 1.27.2.3 പ്രകാരം 40mm മുതലുള്ള മെറ്റലിന് സ്റ്റാക്ക് മെഷർമെന്റിൽ 7.5% വോയിഡ്സ് ആയി കുറവ് വരുത്തണം . ഇത് പ്രകാരം 7.2961 ഘനമീറ്റർ 40mm മെറ്റൽ ആവശ്യമുള്ള പ്രവൃത്തിക്ക് 7.843 ഘനമീറ്റർ മെറ്റൽ സ്റ്റാക്ക് ചെയ്യേണ്ടതുണ്ട്. മെറ്റലിന്റെ കുറവ് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കരാറുകാരന് നല്കാനുള്ള തുക ക്രമീകരിക്കേണ്ടതുമാണ്.

സിമന്റിന് മാർക്കറ്റ് നിരക്കിലും കൂടുതൽ തുക ഡിമാന്റ് ചെയ്തു

മേൽ പ്രവൃത്തിക്ക് 4.4899 ടൺ സിമന്റാണ് കരാറുകാരൻ മുഖേന വാങ്ങിയിട്ടുള്ളത്. ഇതിന് ടണ്ണിന് 11250/- രൂപ പ്രകാരം 51723.65/- രൂപ വിതരണം ചെയ്ത കരാറുകാരൻ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതിക അനുമതി ലഭിച്ച കാലയളവിൽ സിമന്റിന്റെ മാർക്കറ്റ് നിരക്ക് ടണ്ണിന് 9000/- രൂപ മാത്രമാണ്.4.4899 ടൺ സിമന്റിന് ലോക്കൽ മാർക്കറ്റ് നിരക്ക് പ്രകാരം നല്കാവുന്ന പരമാവധി തുക 40409/- രൂപയാണ് . കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം 11315/- രൂപ അധികം ഡിമാന്റ് ചെയ്തതായി കാണുന്നു.

അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 27/20-12-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. സിമന്റ്, 40mm മെറ്റൽ വാങ്ങലിൽ കരാറുകാരൻ അധികം ഡിമാന്റ് ചെയ്ത തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ജലജീവൻ മിഷൻ പദ്ധതി-അവലോകനം

**100%** ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

കൂരോപ്പട ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി **2021-22** വർഷം **1000000/-** രൂപ അടങ്കലിൽ തുക കൈമാറുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും ജലനിധിപദ്ധതി ഉള്ളതിനാൽ പ്രോജക്റ്റ് നടപ്പാക്കിയില്ല. എം .എൽ. എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ കൂരോപ്പട ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല. സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

## 1-36 ആരോഗ്യ ഗ്രാന്റുകളുടെ വിനിയോഗം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. **2021-22** മുതൽ **2025-26** വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ **70051** കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം **2968.28** കോടി രൂപയാണ്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും

| ക്രമ നം. | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | **G.O(Rt) No. 2132/2022/LSGD Dated 31-08-2022** |
| 2 | **G.O(Rt) No. 2156/2022/LSGD Dated 01-09-2022** |
| 3 | **G.O(Rt) No. 3157/2022/LSGD Dated 21-12-2022** (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | **G.O(Rt) No. 1078/2022/LSGD Dated 20-05-2023** (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | **Circular No. FM3/138/2023/LSGD Dated 23-05-2023** |
| 6 | **G.O(Rt) No. 1625/2023/LSGD Dated 09-08-2023** |

ആരോഗ്യ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ

**1.** സ്കീം **1-** കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.

**2.** സ്കീം **2-** ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

**3.** സ്കീം **3-** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**4.** സ്കീം **4-** ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

**5.** സ്കീം **5 -** നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

**6.** സ്കീം **6** – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ സാഹചര്യം

കൂരോപ്പട ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൂരോപ്പട കുടുംബാരോഗ്യ കേന്ദ്രവും അതിന് പഞ്ചായത്ത് പരിധിയിൽ **6** ഹെൽത്ത് സബ് സെന്ററുകളുണ്ട്. കോത്തല സബ് സെന്റർ കുടുംബക്ഷേമ കേന്ദ്രമായി(**FWC**) പ്രവർത്തിക്കുന്നു. ഹോമിയോ ഡിസ്പൻസറി , ആയുർവേദ ഡിസ്പൻസറി എന്നിങ്ങനെ ആരോഗ്യസ്ഥാപനങ്ങളുമുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്.

**2021-22** വർഷം മുതൽ **2024-25** വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റ്

| വർഷം | ഇനം | മുന്നിരിപ്പ് | ലഭ്യമായ തുക | ആകെ തുക | ചെലവഴിച്ച തുക | ബാക്കി തുക* |
|---|---|---|---|---|---|---|
| 2022-23 | സ്കീം-3 | 0 | 311,942/- | 311,942/- | - | 311,942/- |
| 2023-24 | സ്കീം-3 | 311,942/- | 959,000/- | 1,270,942/- | 822,560/- | 448,382/- |
| 2024-25 | സ്കീം-3 | 448,382/- | 414,573/- | 862,955/- | 429,459/- | 433,496/- |
| 2022-23 | സ്കീം-4 | 0 | 160,000/- | 160,000/- | 0 | 160,000/- |
| 2023-24 | സ്കീം-4 | 160,000/- | 409,188/- | 569,188/- | 369,533/- | 199,655/- |
| 2024-25 | സ്കീം-4 | 199,655/- | 641,882/- | 841,537/- | 189,467/- | 652,070/- |

*ഹെൽത്ത് ഗ്രാന്റ് തുകകൾ അവ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ഉൾപ്പെടെയാണ്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ

കേരള ഗ്രാമീൺ ബാങ്കിന്റെ താഴെപ്പറയും പ്രകാരം അക്കൗണ്ടുകൾ മുഖേനയാണ് ആരോഗ്യ ഗ്രാന്റിന്റെ വിനിമയം നടത്തുന്നത്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40690101068001 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40690101067996 |

ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ

സ്കീം-**3** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-**4** ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. ആരോഗ്യ സ്ഥാപനങ്ങളുടെ **HMC** ഫണ്ടിലേക്ക് ഹെൽത്ത് ഗ്രാന്റ് തുകകൾ കൈമാറിയിട്ടില്ല. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറാണ് നിർവ്വഹിക്കുന്നത്.

സ്കീം **3** പ്രകാരം ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം **3** പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം **4** നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ കോത്തല വെൽനസ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി

നടക്കുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജീവിതശൈലി രോഗ നിർണ്ണയം, ക്യാൻസർ സ്ക്രീനിങ്ങ്, രോഗ പ്രതിരോധം, മലേറിയ പരിശോധന എന്നിവ നടത്തി വരുന്നു. പ്രാഥമിക ചികിത്സക്കായി ആയുഷ്മാൻ ആരോഗ്യ മന്ദിർ നിർദ്ദേശ പ്രകാരമുള്ള 36 തരം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതിയും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവ് രേഖപ്പെടുത്തിയതിലും അപാകം-പഞ്ചായത്തിന് ധനനഷ്ടം

| | |
|---|---|
| പ്രോജക്ട് /നമ്പർ | വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, 235/25 |
| കരാറുകാരൻ | തമ്പി തോമസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം(വകയിരുത്തിയത്) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 129182/-<br>തനത് ഫണ്ട് 270818/-<br>ആകെ 400000/- |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 129182/-<br>(ബിൽ നം 658/28-03-2025)<br>തനത് ഫണ്ട് 270818/-,(ചെക്ക് നം 859991/29-3-25 SBI)<br>ടെണ്ടർ എക്സസ് 34281/- (തുക നല്കിയിട്ടില്ല)<br>ആകെ 434281/- |

പഞ്ചായത്തിലെ 17 സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ച് പൊതുജനങ്ങൾ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് നിർമാർജനം ചെയ്യുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും 9.5% ടെണ്ടർ അധിക നിരക്കിൽ ശ്രീ. തമ്പി തോമസ് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 14-03-2025 ൽ സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ 27-03-2025 ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം മൈൽഡ് സ്റ്റീൽ സെക്ഷനുകൾ (MS Flat, 5mm Square Rod, MS Angle, MS Sheet 0.5mmമുതലായവ) ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടിയിരുന്നത്.

എന്നാൽ നിർവ്വഹണ സമയത്ത് **5mm Square Rod** ഒഴിവാക്കി **MSMesh**ആക്കിയിട്ടുണ്ട്.



ബോട്ടിൽ ബൂത്ത്

പ്രവൃത്തിയുടെ ഇനം **1.001** ആയി ചെയ്തത് ബോട്ടിൽ ബൂത്തിനാവശ്യമായ മൈൽഡ് സ്റ്റീൽ ഉപയോഗിച്ചുള്ള പ്രവൃത്തികളായിരുന്നു. അളവ് പുസ്തക പ്രകാരം **1173.385** കിലോഗ്രാം മൈൽഡ് സ്റ്റീൽ ഉപയോഗിച്ചതിൽ **272** കി ഗ്രാം വലയ്ക്കും **(MESH) 901.385** കി ഗ്രാം **MS Flat & Sheet** നും ആണ് ഉപയോഗിച്ചിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ഉപയോഗിച്ച സാധനങ്ങളുടെ തൂക്കവും പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ഉപയോഗിച്ച സാധനത്തിന്റെ തൂക്കവും ചുവടെ ചേർക്കുന്നു.

| ക്ര നം | ഇനം | അളവ് പുസ്തക പ്രകാരമുള്ള തൂക്കം(KG) | അപാകതകൾ ഒഴിവാക്കിയുള്ള തൂക്കം ( വിശദാംശങ്ങൾ പ്രത്യേകം ചേർത്തു) (KG) |
|---|---|---|---|
| **1** | **MESH (MS) 72.262 Square Metre,3.77 Kg/ M2** | **272.427** | **272.427** |
| **2** | **MS Flat 25x4 Mm (462.06 M),1.2 Kg/M** | **554.472** | **365.027** |
| **3** | **MS Sheet(1mm Thick) (20.86 Sqm),7.4 Kg/M2** | **154.364** | **73.010** |
| **4** | **MS Sheet (0.5mm Thick) (54.4 Sqm ),3.5 Kg/M2** | **190.400** | **1.900** |
| **5** | **Hinges 17 Nos** | **1.720** | **1.720** |
| | ആകെ | **1173.385** | **714.084** |

- ക്ര നം 1 പ്രകാരം ഉപയോഗിച്ചിട്ടുള്ള **MESH (MS)** സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കിയതിൽനിന്നും വ്യത്യസ്തമായ സാധനമാണ് നിർമ്മാണത്തിന് ഉപയോഗിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ആയതിന്റെ കൃത്യമായ തൂക്കം നിർണ്ണയിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- ക്ര നം 2 പ്രകാരം ഉപയോഗിച്ചിട്ടുള്ള **462.06** മീറ്റർ **MS Flat** ന് **0.79/M** തൂക്കമാണുള്ളത് (തൂക്കം നിർണ്ണയിക്കുന്നതിന് **25x6 Mm MS Flat Piece** ആണ് ഹാജരാക്കിയതെന്നും അതിനാലാണ് അളവ് പുസ്തകത്തിൽ **1.2kg/M** എന്ന് ചേർത്തതെന്നും, എന്നാൽ കരാറുകാരൻ ബോട്ടിൽ ബൂത്തിൽ ഉപയോഗിച്ചത് **25x4 Mm MS Flat (0.79/M** തൂക്കമുള്ളത്) ആണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ആയത് പ്രകാരമുള്ള യഥാർത്ഥ തൂക്കം **365.03 Kg** ആണ് **(462.06x 0.79).**
- ക്ര നം 3 പ്രകാരം പ്രകാരം ഉപയോഗിച്ചിട്ടുള്ള **MS Sheet (1 Mm Thick)** ,സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കിയതിൽനിന്നും വ്യത്യസ്തമായതാണ് നിർമ്മാണത്തിന് ഉപയോഗിച്ചതെന്ന് നിർവ്വഹണ

ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. ഉപയോഗിച്ച ഷീറ്റിന്റെ തൂക്കം നിർണ്ണയിക്കാൻ കഴിഞ്ഞില്ല. എന്നാൽ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നത് 0.5mm Thick, 3.5 Kg/M2 തൂക്കമുള്ള ഷീറ്റ് ആയതിനാൽ 20.86 ച മീറ്ററിന് 73.01 Kg മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

- ക്ര നം പ്രകാരം ഉപയോഗിച്ചിട്ടുള്ള MS Sheet 3.5/Kg തൂക്കമുള്ളത് 170 എണ്ണം ബോട്ടിൽ ബൂത്തിന്റെ സ്റ്റാന്റിന്റെ END CAP ആയി ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ അളവ് രേഖപ്പെടുത്തിയതിൽ അപാകത ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ പട്ടിക ആയി തേർക്കുന്നു.

| | |
|---|---|
| MS Sheet 3.5/Kg തൂക്കമുള്ളത് 170 എണ്ണം MB പ്രകാരം<br>170x0.4x0.8x3.5 | 190.40 Kg |
| യഥാർത്ഥത്തിൽ ഉപയോഗിച്ചത്<br>170x0.04x0.08x3.5 | 1.904 Kg |
| തെറ്റായി കണക്കാക്കിയത് മൂലമുള്ള അധിക തൂക്കം | 188.496 Kg |

അളവ് പുസ്തകത്തിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായ സാധനം പ്രവൃത്തിക്ക് ഉപയോഗിച്ചതിനാലും അളവ് പുസ്തകത്തിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ തെറ്റ് വന്നതിനാലും പ്രവൃത്തിക്ക് ഉപയോഗിച്ച മൈൽഡ് സ്റ്റീലിൽ 459.30 കി ഗ്രാം തൂക്കത്തിൽ കുറവുള്ളതായി കാണുന്നു. ആയത് മൂലം കരാറുകാരന് അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക<br>1173.385 കി ഗ്രാമിന് 214.41 രൂപ പ്രകാരം<br>(എസ്റ്റിമേറ്റ് തുകയായ 195.81 നോട് കൂടി<br>8.68% ടെണ്ടർ എക്സസ് ഉൾപ്പെടെ ) | 251585.48 +45285.38(GST)=296870.86 |
| നല്കാവുന്ന തുക<br>714.084കി ഗ്രാമിന് 214.41 രൂപ പ്രകാരം | 153106.75+27559.22(GST)=180665.97 |
| അധികം നല്കിയത് | 98478.73+17726.17(GST)=116204.90<br>Say =116205/- |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 07/18-12-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ കരാറുകാരൻ എത്തിച്ച് നല്കിയ സാമ്പിൾ പ്രകാരമാണ് തൂക്കം കണക്കാക്കിതെന്നും വർഷാവസാന തിരക്ക് മൂലം അപാകതകൾ ശ്രദ്ധയിൽപ്പെട്ടില്ല എന്നും അറിയിച്ചു. ഇനം 1.001 പ്രകാരമുള്ള പ്രവൃത്തിക്ക് തെറ്റായ ഡാറ്റാ പ്രകാരം നിരക്ക് നിർണ്ണയിച്ചതിനാൽ 116205/- രൂപ അധികം നല്കിയത് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. കൂടാതെ ക്രമ നം. 1 പ്രകാരം ഉപയോഗിച്ചിട്ടുള്ള MESH (MS) അളവ് പുസ്തകവുമായി വ്യത്യാസമുള്ളതിനാലും കൃത്യമായ തൂക്കം നിർണ്ണയിക്കാൻ കഴിയാത്തതിനാലും പുന പരിശോധിച്ച് യഥാർത്ഥ തൂക്കം കണക്കാക്കി നല്കിയ തുക ക്രമീകരിക്കേണ്ടതും, പ്രവൃത്തിയുടെ ഗുണ നിലവാരത്തിലുണ്ടായ അപാകം പരിഹരിക്കേണ്ടതുമാണ്.

## 3-2 തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി-കരാറ് കാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് /നമ്പർ | 12-ാ വാർഡിലെ അങ്കണവാടികളുടെ മെയിന്റനൻസ് , 106/2-25 |
| കരാറുകാരൻ | ജെയിൻ പി ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | റോഡിതര മെയിന്റനൻസ് ഗ്രാന്റ്, 244200/- |
| ചെലവ് | 244200/-(ബിൽ നം തീ 78/22-3-25)<br>15131/- ടെണ്ടർ എക്സസ് |

| എസ്റ്റിമേറ്റ് നമ്പർ | 88360/2024 |
|---|---|

12-ാ വാർഡിലെ ഝാൻസി അങ്കണവാടിയുടെ കോമ്പൗണ്ട് വാൾ നിർമ്മാണത്തിന്റെ ഭാഗമായി ഇനം 2 ആയി ചെയ്തിട്ടുള്ളത് 4.571 ഘന മീ സോളിഡ് ബ്ലോക്ക് വർക്ക് ആയിരുന്നു . ഒബ്സേർവ്ഡ് ഡാറ്റാ 50.6.2.3 പരിശോധിച്ചതിൽ 30x20x15 സെ മീ സോളിഡ് ബ്ലോക്ക് 2 നിലക്ക് മുകളിലും 5 നില വരെയും പണി നടത്തുമ്പോൾ നല്കേണ്ട നിരക്കാണ് എന്ന് കാണുന്നു. അളവ് പുസ്തക പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ നടന്ന പ്രവൃത്തികൾക്ക് നല്കാവുന്നത് 50.6.2.2 പ്രകാരം 2 നിലവരെയുള്ള പ്രവൃത്തികൾക്ക് നല്കാവുന്ന നിരക്കാണ്. തെറ്റായ ഡാറ്റാ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 50.6.2.3 ഡാറ്റാ പ്രകാരം 1 ഘന മീ 8808.99 രൂപ പ്രകാരം 4.571 ഘന മീ നല്കിയ തുക. (അടിസ്ഥാന നിരക്കായ 8008.17 നോട് കൂടി 10% ടെണ്ടർ എക്സസ് ഉൾപ്പെടുത്തിയ തുക) | 40265.89+7247.86(GST) =47513.75 |
| 50.6.2.3 ഡാറ്റാ പ്രകാരം 1 ഘന മീ 8205.95 രൂപ പ്രകാരം 4.571 ഘ മീറ്ററിന് നല്കാവുന്ന തുക. (അടിസ്ഥാന നിരക്കായ 7459.95 നോട് കൂടി 10% ടെണ്ടർ എക്സസ് ഉൾപ്പെടുത്തിയ തുക) | 37509.39+6751.69(GST) =44261.08 |
| അധികം നല്കിയത് | 3252.67 രൂപ |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 08/17-12-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കരാറുകാരൻ അധിക തുക തിരിച്ചടക്കാൻ സന്നദ്ധനാണെന്ന് അറിയിച്ചതായി മറുപടി നല്കി. തുക കരാറുകാരനിൽ നിന്നും തിരിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് അവലോകനം

| ഓഡിറ്റ് വർഷ ത്തിലെ ജീവന ക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇന ത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 7500 | 7500 | | 04/24 |
| 17 | 8500 | 8500 | | 05/24 |
| 14 | 7000 | 7000 | | 6/24 |
| 14 | 7000 | 7000 | | 07/24 |
| 14 | 7000 | 7000 | | 08/24 |
| 14 | 7000 | 7000 | | 09/24 |
| 15 | 7500 | 7500 | | 10/24 |
| 14 | 7000 | 7000 | | 11/24 |
| 15 | 7500 | 7500 | | 12/24 |
| 15 | 7500 | 7500 | | 01/25 |
| 15 | 7500 | 7500 | | 02/25 |

| | | | | |
|---|---|---|---|---|
| 15 | 7500 | 0 | 7500 | 3/25 |
| ആകെ | 88500 | 81000 | 7500 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | - | - | - | - | - |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | --- | ---- | --- | ---- |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1.ആശമോൾ.കെ | ഓഗസ്റ്റ് | 0 | 0 | 0 | 2025 മെയ് മാസത്തിലാണ് മെഡ്സെപ്പ് ഐ.ഡി ലഭിച്ചത്. |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക ഭരണസമിതി 30-07-2025 ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് സോഫ്റ്റ്‌വെയർ മുഖേന 30-07-2025 ന് ഓൺലൈനായി ഓഡിറ്റിനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 15-12-2025 ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയും, സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയും ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം - 3,4,5 എന്നിവയായി ഈ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

## 4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

**2024-25** വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് **17,44,229/-** രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് **22,59,410/-** രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | **136,599/-** | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി **(86/25)** | **136,599/-** | **0** |
| | **178,900/-** | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്**(87/25)** | **178,900/-** | **0** |
| | **20,000/-** | ജനകീയ ഹോട്ടലിന് ബ്ലോക്ക് വിഹിതം നൽകൽ **(263/25)** | **20,000/-** | **0** |
| | **138,439/-** | **2,3,4,7** വാർഡുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ **(205/25)** | **138,439/-** | **0** |
| | **660,000/-** | ലൈഫ് ഭവന പദ്ധതി-ജനറൽ **(51/25)** | **660,000/-** | **0** |
| | **325,472/-** | ലൈഫ് ഭവന പദ്ധതി-എസ്.സി. **(52/25)** | **325,472/-** | **0** |
| | **100,000/-** | ലൈഫ് ഭവന പദ്ധതി-എസ്.റ്റി. **(54/25)** | **100,000/-** | **0** |
| | **500,000/-** | പാറയ്ക്കൽ പടി – പനച്ചിപ്പറം റോഡ് മെയിന്റനൻസ് വാർഡ്-**16 (146/25)** | **500,000/-** | **0** |
| | **200,000/-** | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി **(29/25)** | **200,000/-** | **0** |
| | **2,259,410/-** | ആകെ ബ്ലോക്ക് വിഹിതം | **2,259,410/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് വിഹിതം | **297,529/-** | ഗാർഹിക മാലിന്യ സംസ്കരണ ഉപാധി നൽകൽ – ജീബിൻ **(192/25)** | **297,529/-** | **0** |
| | **115,700/-** | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്**(87/25)** | **115,700/-** | **0** |
| | **531,000/-** | കൂരോപ്പട ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ **(204/25)** | **531,000/-** | **0** |
| | **220,000/-** | ലൈഫ് ഭവന പദ്ധതി-ജനറൽ **(51/25)** | **220,000/-** | **0** |
| | **260,000/-** | ലൈഫ് ഭവന പദ്ധതി-എസ്.സി. **(52/25)** | **260,000/-** | **0** |
| | **300,000/-** | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി **(29/25)** | **300,000/-** | **0** |
| | **20,000/-** | സമഗ്ര കന്നുകാലി ഇൻഷുറൻസ് **(91/25)** | **20,000/-** | **0** |
| | **1,744,229/-** | ആകെ ജില്ല പഞ്ചായത്ത് വിഹിതം | **1,744,229/-** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ **2024-25** വാർഷിക പദ്ധതിയിലെ സെക്രട്ടറിയുടെ **6** പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.യിൽ **8,89,603/-** രൂപയും **3** പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പിൽ **34,03,001/-** രൂപയും ഉൾപ്പടെ ആകെ **42,92,604/-** രൂപ നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇഞ്ചിപ്പറമ്പ് റോഡിലും ചേന്നനാംപൊയ്ക കുന്നുക്കാട്ട് തീപ്പെട്ടി കമ്പനി റോഡിലും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(252/25) | 1,94,946/- | ഇല്ല | 1,94,946/- |
| കെ.എസ്.ഇ.ബി. | 5-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (262/25) | 94,408/- | ഇല്ല | 94,408/- |
| കെ.എസ്.ഇ.ബി. | ചീരംചേമ്പ്-തുറുമ്പുങ്കൽപടി റോഡ് സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ (259/25) | 79,934/- | ഇല്ല | 79,934/- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ (വാർഡ് 6,8,12) (127/25) | 3,53,290/- | ഇല്ല | 3,53,290/- |
| കെ.എസ്.ഇ.ബി. | പുതുവയൽ – തോട്ടുങ്കൽ റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ (254/25) | 74,678/- | ഇല്ല | 74,678/- |
| കെ.എസ്.ഇ.ബി | അന്ത്യാളങ്കാവ് – അരിമ്പുമല റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (201/25) | 92,347/- | 92,347/- | ഇല്ല |
| ഭൂജല വകുപ്പ് | MCF ലേക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും (133/25) | 2,00,000/- | ഇല്ല | 2,00,000/- |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും (203/25) | 7,96,200/- | ഇല്ല | 7,96,200/- |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും മോട്ടോറും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും(123/25) | 24,06,801/- | ഇല്ല | 24,06,801/- |
| ആകെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയത് | | 42,92,604/- | 92,371/- | 42,00,233/- |

നിക്ഷേപ പ്രവൃത്തികളുടെ എല്ലാ പുരോഗതി വിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിലെ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ നിക്ഷേപം നടത്തിയ ശേഷം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് തുകകൾ ഒന്നും നൽകിയിട്ടില്ല. മുൻ വർഷങ്ങളിലെ 2 ലക്ഷം രൂപ ക്രമീകരിക്കാൻ 31-03-2025 ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നുണ്ട്.

## 4-6 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ച വായ്പ തുകയുടെയും വർഷാവസാനം 31-03-2025 ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വായ്പ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ | 01-04-2024 ൽ തിരിച്ചടയ്ക്കാൻ | തൻ വർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തിയ്യതി | ബാക്കിയുണ്ടായിരുന്ന തുക | വായ്പ | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | G.O.(MS) 68/2018/ LSGD 18-05-2018 G.O.(MS) 100/2018/ LSGD 30-07-2018 | 38,10,080/- | 61,56,567/- | 16,38,656/- | ഇല്ല | 83,27,991/- |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2024-25 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വികസന ഫണ്ട്(ജനറൽ) അലോട്ട്മെന്റുകളിൽ നിന്ന് 15,94,190/- രൂപയും വികസന ഫണ്ട് (SCP) അലോട്ട്മെന്റിൽ നിന്ന് 44,466/- രൂപയും ആകെ 16,38,656/- രൂപയാണ് തൻവർഷത്തെ വായ്പ തിരിച്ചടവ്.

വായ്പ രജിസ്റ്ററിൽ ഓരോ വർഷത്തെയും വായ്പയുടെ പ്രോഗ്രസീവ് ചെലവ് നിരീക്ഷിക്കുന്നില്ല. വായ്പയെടുക്കുന്നത്, തിരിച്ചടവ്, പ്രോഗ്രസീവ് ചെലവ്, പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന വായ്പതുക തുടങ്ങിയ എല്ലാ വിവരങ്ങളും ഓരോ വർഷത്തേതും ക്രോഡീകരിച്ച് സൂക്ഷിച്ചാൽ മാത്രമേ വായ്പ കണക്കുകൾ ആധികാരികമാവുകയുള്ളൂ. തൻവർഷം എടുത്ത വായ്പയിലെ 2,87,480/- രൂപ ചെലവഴിക്കാതെ 31-03-2025 ൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുകയാണ്. വായ്പ ചെലവ് വിവരങ്ങൾ ഉൾപ്പടെ 2024-25 വായ്പ രജിസ്റ്റർ സമഗ്രമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 2024-25 വർഷം വരവില്ല. എന്നാൽ 17-08-2024 ലെ KSA-KTM.P19/1132/2024 നിർദ്ദേശ പ്രകാരം ലൈല എസ്. ന്റെ അധികമായി വാങ്ങിയ ശമ്പളമിനത്തിൽ 12,540/- രൂപ ഓഡിറ്റ് റിക്കവറി നടത്തിയിട്ടുണ്ട്. വിശദാംശം രേഖപ്പെടുത്തിയ 2024-25 ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ വിശദാംശം ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി ഇല്ലാത്ത പക്ഷം റിക്കവറി ഇല്ല എന്ന വിവരം പ്രസ്തുത രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

കൂരോപ്പട ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം/ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| നം. | ഖണ്ഡിക നം. | | |
|---|---|---|---|
| **2014-15 ,2-3,2-4** | **2016-17** അനുബന്ധം **3** | വസ്തു നികുതി പരിഷ്ക്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | തീർപ്പാക്കിയിട്ടില്ല |
| **2014-15 2-5** | **2016-17** അനുബന്ധം **4,** | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| **2014-15 2-4** | **2016-17** അനുബന്ധം **5** | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| | **2017-18 2-5-4** (ബി) | ഒരേ റോഡിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നിർമ്മാണ പ്രവൃത്തികൾ നിർവഹിച്ചു (പുളിമൂട് - നടീപീടിക റോഡ് ) | ടി പ്രവൃത്തി **2015-16** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയത് ബ്ലോക്ക് പഞ്ചായത്താണ് എന്നും ഗ്രാമപഞ്ചായത്ത് പ്രസ്തുത വർഷം പ്രവൃത്തി ചെയ്തിട്ടില്ലെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡിക നിയമസഭ സമിതി തീർപ്പാക്കിയിട്ടില്ല |
| **2019-20 1-23** | **2020-21** അനുബന്ധം **2** | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കുള്ള **7982/-** രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | മരുന്നുകൾ പൂർണ്ണമായും ലഭിച്ചു. ഖണ്ഡിക തീർപ്പാക്കിയിട്ടില്ല |

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ **1996**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-**20** പ്രകാരമുള്ള ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പടെ (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | **8,69,75,754/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | **5,84,68,134/-** |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | **1,52,41,568/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | **14,94,72,125/-** |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **1,19,458/-/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **43,39,228/-** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1-29) | - | 58,103/- | ശ്രീമതി ധന്യ കെ. ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| | - | 58,102/- | ശ്രീ അരുൺ എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 (1-30) | | 3,253/- | ശ്രീമതി ധന്യ കെ. ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 1,19,458/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 58,725/- | ശ്രീ സജി പി. റ്റി., സെക്രട്ടറി ഇൻ ചാർജ് (രൂപ 29,925/-)<br>ശ്രീമതി എസ്. സുനിമോൾ, സെക്രട്ടറി (രൂപ 28,800/-) |
| 1-26 | 39,600/- | ശ്രീമതി എസ്. സുനിമോൾ, സെക്രട്ടറി |
| 1-27 | 34,03,001/- | ശ്രീമതി എസ്. സുനിമോൾ, സെക്രട്ടറി |
| 1-28 | 7,97,256/- | ശ്രീമതി എസ്. സുനിമോൾ, സെക്രട്ടറി |
| 1-31 | 40,646/- | ശ്രീമതി ഷഹാന എസ്, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 43,39,228/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ധന്യ കെ. ബി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കൂരോപ്പട ഗ്രാമപഞ്ചായത്ത് | സങ്കീർത്തനം, വെള്ളൂർ(പി.ഓ.),പാമ്പാടി, കോട്ടയം-686501. |
| ശ്രീ അരുൺ എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | പൂർണ്ണിമ വാരിൽ വീട്, കുരയ്യണ്ണി, വർക്കല, തിരുവനന്തപുരം -695141 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, 31-12-2025 ൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| 1990-91& 1991-92 | എൽ.എഫ്.കെ.പി3/85/1995/09-11-1995/29-07-1996 | - |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി13/1006(1)/2023/05-07-2023 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/1006(3)/2023/05-07-2023 | 1 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/1006(4)/2023/05-07-2023 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/1006(5)/2023/05-07-2023 | 3 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/1006(6)/2023/05-07-2023 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/1006(7)/2023/05-07-2023 | 2 |
| 2010-11& 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/1006(8)/2023/07-07-2023 | 7 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/611(8)/2022/01-08-2022 | 9 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/611(9)/2022/01-08-2022 | 10 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/611(10)/2022/1-08-2022 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1006(10)/2023/21-10-2023 | 6 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1006(13)/2023/05-09-2023 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1006(14)/2023/31-10-2023 | 7 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/827(3)/2022/16-08-2022 | 18 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/1047/2021/20-07-2022 | 14 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/1048/2021/04-01-2022 | 21 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി13/2186/2022/15-05-2023 | 23 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി13/2098/2023/13-05-2024 | 38 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി13-1914/2024/11-02-2025 | 40 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kooroppada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kooroppada Grama Panchayat as on 31-03-2025

Date: 22/01/2026

Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Kooroppada Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. General Fund Details not maintained. OBRP data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.

2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.

3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.

4. The corresponding Capital Contribution entry has not made for total value of Capital Expenditure as per annual plan of 2024-25.

**2.Other Observations**

1. MGNREGS Income, Expenditure, Capital Contribution, Advance Adjustment transactions are not accounted in AFS.

2. Accumulated depreciation of Roads & Bridges on 31-03-2025 has exceeded the corresponding total asset values.

3. Details of Rent Deposit as per balance sheet has not summerised.

4. Direct expenditure of Beneficiary Contribution in annual plan has not accounted as passive expenditure.

5. Swatch Bharat Abhiyan(SBA) fund utilised in Project No.249/25(1.56 Lakhs) has not accounted in AFS.

6. All Part bills of infrastructure projects encashed during the year are not accounted under Capital Work in Progress.

7. Empty barrel cost to be remitted to government has been accounted as own revenue instead of liability payable.

8. Arrear details of Traders profession tax and license Fees has not maintained for realisation of revenue.

9. All expenditures from panchayath fund in 2024-25 which became due upto 31-03-2025 has not accounted as payable during the financial year.

10. For Accrual incomes during 2024-25, timely demand entries are not made.

Deputy Director
Kerala State Audit Department
District Audit Office-Kottayam

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്